بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ     نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ     وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 7

ലക്കം 14

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഏപ്രിൽ 07/ഹി.ശം. 1401 ശഹാദത്ത് 07/ഹിജ്റ 1443 റമളാൻ 05

## അല്ലാഹുവിന്റെ വചനം

اَيَّامًا مَّعْدُوْدٰتٍ ؕ فَمَنْ كَانَ مِنْكُمْ
مَّرِيْضًا اَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ
ؕ وَعَلَى الَّذِيْنَ يُطِيْقُوْنَهٗ فِدْيَةٌ طَعَامُ
مِسْكِيْنٍ ؕ فَمَنْ تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهٗ ؕ
وَاَنْ تَصُوْمُوْا خَيْرٌ لَّكُمْ اِنْ كُنْتُمْ
تَعْلَمُوْنَ ﴿۱۸۵﴾ (سورة البقرة:185)

'(ഈ വ്രതാനുഷ്ഠാനം)ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ, നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ(അവർ)എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നല്കുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നല്കേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ.'(2:185)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ഹദ്റത്ത് അബൂബക്ർ[റ]ന്റെ ശ്രേഷ്ഠത

(1897)അബൂഹുറയ്റ[റ]പറയുന്നു: നബി[സ] തിരുമേനി പറഞ്ഞു: വല്ലവനും ഒരു ജോഡി സാധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചാൽ സ്വർഗത്തിന്റെ വാതിൽക്കൽനിന്ന് വിളിച്ചുപറയപ്പെടും, ദേവദാസാ! ഈ കവാടമാണ് നിനക്ക് നല്ലത്. നമസ്കരിച്ചവരെ നമസ്കാരത്തിന്റെ കവാടത്തിൽനിന്നും ജിഹാദു ചെയ്തവരെ ജിഹാദിന്റെ വാതിൽക്കൽനിന്നും നോമ്പുകാരെ റയ്യാൻ വാതിൽക്കൽനിന്നും ധർമം ചെയ്തവരെ ധർമത്തിന്റെ വാതിൽക്കൽനിന്നും വിളിക്കപ്പെടും. അപ്പോൾ അബൂബക്ർ[റ]പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് പ്രായശ്ചിത്തമാണ്. ഈ വാതിലുകളിൽ ഏതെങ്കിലുമൊരു വാതിലിൽനിന്ന് വല്ലവനേയും വിളിച്ചു കഴിഞ്ഞാൽ അവന് വിഷമമൊന്നുമില്ല.എന്നാൽ, ഈ വാതിലുകളിൽ എല്ലാത്തിൽനിന്നും ആരെയെങ്കിലും വിളിക്കുമോ? നബി[സ]തിരുമേനി പറഞ്ഞു: 'അതെ. വിളിക്കുന്നതാണ്. താങ്കൾ അവരിൽപ്പെട്ടപ്പെട്ടവനാണെന്ന് ഞാൻ കരുതുന്നു.'

ഹദ്റത്ത് സയ്യിദ് സയ്നുൽആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു: 'സൗജയ്ൻ' കൊണ്ടുള്ള ഉദ്ദേശ്യം എല്ലാത്തരം ജോഡികളുമാണ്. ഇതുമായി ബന്ധപ്പെട്ട് കിതാബുൽജിഹാദ് രിവായത്ത് നമ്പർ 2841 നോക്കുക.'*(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്വൗം, പ്രസാധകർ ഖാദിയാൻ 2008)*

❋❋❋❋

**ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...**

**The Weekly BADR Qadian (Malayalam)**

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
04 മാർച്ച് 2022
പരിഭാഷ

25 ഫെബ്രുവരി 2022
(പരിഭാഷയുടെ തുടർഭാഗം)

## എന്റെ പ്രകൃതിയുടെതേട്ടംതന്നെയിതാണ്, ഏതു പ്രവൃത്തി ചെയ്യുകയാണെങ്കിലും അല്ലാഹുവിനുവേണ്ടി ചെയ്യുക. ഏതുകാര്യമാണെങ്കിലും അല്ലാഹുവിനുവേണ്ടി ആയിരിക്കുക.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

എല്ലാ സ്നേഹിതന്മാരും ശ്രദ്ധയോടെ കേൾക്കുക. ഞാനെന്റെ ജമാഅത്തിനും എനിക്കുതന്നെയും എന്റെ ആത്മാവിനുംവേണ്ടി ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നത് ഇതാണ്: പ്രസംഗങ്ങളിൽ സാധാരണ കാണുന്ന ബാഹ്യമായ നിലയിൽ പറയപ്പെട്ടതും പറയപ്പെടുന്നതുമായ കാര്യങ്ങളെ ഇഷ്ടപ്പെടാതിരിക്കുക. എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും അതിൽ മാത്രം വന്ന് നിലച്ചുപോകാതിരിക്കുക. പ്രസംഗിക്കുന്നവൻ എത്രമാസ്മരികത നിറഞ്ഞ പ്രസംഗമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. വാക്കുകളിൽ എത്രമാത്രം ശക്തിയാണുള്ളത്. ഞാനിക്കാര്യത്തിൽ തൃപ്തനാകുന്നില്ല. ബാഹ്യപ്രകടനത്തിൽനിന്നും കൃത്രിമത്വത്തിൽനിന്നും മുക്തമായിരിക്കുന്നതാണ് ഞാനിഷ്ടപ്പെടുന്നത്. എന്നല്ല എന്റെ പ്രകൃതിയുടെതേട്ടംതന്നെയിതാണ്, ഏതു പ്രവൃത്തി ചെയ്യുകയാണെങ്കിലും അല്ലാഹുവിനുവേണ്ടി ചെയ്യുക. ഏതുകാര്യമാണെങ്കിലും അല്ലാഹുവിനുവേണ്ടി ആയിരിക്കുക. അല്ലാഹുവിന്റെ തൃപ്തിയും അവന്റെ കല്പനകളുടെ പാലനവും എന്റെ ഉദ്ദേശ്യമായിരുന്നില്ലെങ്കിൽ, പ്രസംഗിക്കുകയും ഉപദേശം കേൾപ്പിക്കുകയും ചെയ്യുന്നത് ഒരുഭാഗത്തിരിക്കട്ടെ, ഞാനെപ്പോഴും എപ്പോഴും ഏകാന്തവാസംതന്നെ ഇഷ്ടപ്പെടുകയും വിവരണാതീതമായ ആ രുചി പ്രാപിക്കുകയും ചെയ്യുമായിരുന്നുവെന്ന് അല്ലാഹു നന്നായിട്ടറിയുന്നവനാണ്. എന്നാൽ, എന്തു ചെയ്യാനാണ്, മനുഷ്യകുലത്തോടുള്ള സഹാനുഭൂതി വലിച്ച് വലിച്ച് എന്നെ വെളിയിൽകൊണ്ടുവരുന്നു. പ്രബോധനത്തിനായി എന്നെ നിയോഗിച്ചയച്ച അല്ലാഹുവിന്റെ കല്പനയാണിത്. ബാഹ്യമായിട്ടുള്ള പൊള്ളയായഭാഷണം എന്നകാര്യം ഞാൻ വിവരിച്ചത് എല്ലാ നന്മയിലും ശയ്ത്വാനിന്റെ പങ്കു വെച്ചിരിക്കുന്നുവെന്നതുകൊണ്ടാണ്. അതിനാൽ മനുഷ്യൻ ഉപദേശപ്രസംഗത്തിനുവേണ്ടി നില്ക്കുമ്പോൾ - നന്മ ഉപദേശിക്കലും തിന്മയെ തടയലും നല്ലകാര്യമാണെന്നതിൽ സംശയമൊന്നുമില്ല - എന്നാൽ, അതിൽ ഗോപ്യമായ നിലയിൽ ശയ്ത്വാനും പങ്കുണ്ടെന്നോർത്ത് ആ സ്ഥാനത്ത് നില്ക്കുന്നയാൾ ഭയപ്പെടേണ്ടതാണ്. കുറച്ച് ഉപദേശകന്റെ വിഹിതമായിട്ടുണ്ടാകും. കുറച്ച് ശ്രോതാക്കളുടെ ഭാഗമായിട്ടും. ഇതിന്റെ യാഥാർഥ്യമെന്താണെന്നാൽ ഉപദേശകൻ ഉപദേശിക്കാൻവേണ്ടി നില്ക്കുമ്പോൾ ശ്രോതാക്കൾ സന്തോഷിക്കുന്ന വിധം തനിക്കു പ്രസംഗിക്കാൻ കഴിയണമെന്നതായിരിക്കും ഉദ്ദേശ്യവും മനസ്സിലെ ആഗ്രഹവും. ഓരോഭാഗത്തുനിന്നും വാഹ് വാഹ് എന്ന ശബ്ദം ഉയരുന്ന വിധത്തിൽ തനിക്ക് വാക്കുകളും വാക്യങ്ങളും പറയാൻ കഴിയണം! ഇത്തരം പ്രസംഗിക്കുന്നവരുടെ ഉദ്ദേശ്യങ്ങളെ ഞാൻ, വേശ്യകളുടെ നൃത്തത്തിന് വാദ്യം കൊട്ടുന്നവനെക്കാളും നാട്യഗോഷ്ഠിക്കാരനെക്കാളും, കവാലിപാടുന്നവനെക്കാളുമുപരിയായി മനസ്സിലാക്കുന്നില്ല. തങ്ങളുടേത് കേൾക്കുന്നവർ തങ്ങളെ പുകഴ്ത്തണമെന്ന രീതിയിലാണ് അവർ ശ്രമിക്കുന്നത്.

അതിനാൽ വമ്പിച്ച ഒരുകൂട്ടമാളുകൾ കേൾക്കാനുണ്ടാകുകയും അതിൽ എല്ലാ ഓരോ തമാശക്കാരും അത്തരക്കാരായ മറ്റാളുകളും ഉണ്ടാകുകയും ചെയ്യുമ്പോൾ അല്ലാഹുവിലേക്ക് കണ്ണുകൾ തുറക്കുകയില്ല. ഇല്ലാമാശാ അല്ലാഹ്. കേൾക്കുന്നവർ 'സബാഷ് സബാഷ്' എന്നു പറയുകയും കൈയടിക്കുകയും ചിയേഴ്സ് നല്കുകയും ചെയ്യണമെന്നതായിരിക്കും ഉദ്ദേശ്യം. ചുരുക്കത്തിൽ ഈ ഭാഗമാണ് ശയ്ത്വാന്റെ ഉപദേശകരിൽ അല്ലെങ്കിൽ സംസാരിക്കുന്നവരിലുണ്ടാകുന്നത്. ശ്രോതാക്കളിലുണ്ടാകുന്ന ശയ്ത്വാന്റെ ഭാഗം, അവർ സംസാരിക്കുന്നവന്റെ വാക് വൈഭവത്തിന്റേയും സാഹതീയ സൗന്ദര്യത്തിന്റേയും ഭാഷയിലെ പൂർണ നിയന്ത്രണത്തിന്റേയും വാക്ചാതുര്യത്തിന്റേയും സന്ദർഭോചിതം കവിതശകലങ്ങൾ കേൾപ്പിക്കുന്നതിന്റേയും കഥകളുടേയും തമാശകളുടേയും കാര്യങ്ങളുടെ മർമം മനസ്സിലാക്കി എന്ന് സ്ഥാപിതമാകുംവിധം ഇഷ്ടപ്പെടുകയും പ്രശംസിക്കുകയും ചെയ്യുക എന്നതാണ്. അവരുടെ ഉദ്ദേശ്യം സ്വയം അല്ലാഹുവിൽനിന്ന് അകലുന്ന സ്ഥാനത്തും സംസാരിക്കുന്നവന്റെ കൂടേയുമാണ്. അവൻ സംസാരിക്കുന്നു എന്നാൽ, അല്ലാഹുവിനുവേണ്ടിയല്ല. അവർ കേൾക്കുന്നു എന്നാൽ, ഇക്കാര്യങ്ങൾക്ക് മനസ്സിൽ ഇടം നല്കുകയില്ല. കാരണം അവർ അല്ലാഹുവിനുവേണ്ടി കേൾക്കുന്നില്ല. ഇതെന്തുകൊണ്ടാണ് ഉണ്ടാകുന്നത്? ഒരു ആനന്ദം കരസ്ഥമാകണമെന്ന കാര്യത്തിനുവേണ്ടിമാത്രം!

*(മൽഫൂദാത്ത് വാല്യം 1, പേജ് 360 - 361, പ്രസാധനം ഖാദിയാൻ 2008)*

**വിശുദ്ധ ഖുർആൻ മുഴുവൻ ലോകംവരേയും എത്തിക്കേണ്ടത് നിർബന്ധമാണ്. കാരണം അതിന്റെ ഇറക്കം മുഴുലോകത്തിനുംവേണ്ടിയാണ്. ഇതു മുഴുവൻലോകത്തിന്റേയും സ്വത്താണ്. അതുകൊണ്ട് അവരിലെല്ലാവരിലും ഇതു എത്തിക്കുക എന്നത് അങ്ങേയറ്റം സുപ്രധാനമായ നിർബന്ധ കടമയാണ്. അഹോ കഷ്ടം! മുസ്‌ലിമീങ്ങൾ ഈ പോയന്റ് മനസ്സിലാക്കുകയും ഇസ്‌ലാമിക പ്രബോധനത്തിന്റെ നിർബന്ധ കടമ നിറവേറ്റുന്നതിൽ മടി കാണിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഇന്ന് ലോകത്ത് ഇസ്‌ലാമല്ലാതെ മറ്റൊരു മതവും കാണാൻ കഴിയുമായിരുന്നില്ല. ഒരു ക്രിസ്ത്യാനിയുടെ വാക്യമുണ്ട്. വിശുദ്ധ ഖുർആനിന്റെ ഗുണമെന്ന് പറയുന്നത് അത് ഏതു മജ്‌ലിസിലും പാരായണം ചെയ്യാൻ കഴിയുമെന്നതാണ്. എന്നാൽ, നമ്മുടെ ഗ്രന്ഥം എങ്ങനെയുള്ളതാണെന്നാൽ എല്ലാ സദസ്സിലും അത് വായിക്കാൻ കഴിയുകയില്ല.**

സൂറത്തുന്നഹ്‌ലിന്റെ 45-ാം വചനമായ, **ബിൽബയ്യിനാത്തി വസ്സുബുരിൻ വ അൻസൽനാ ഇലയ്ക്കദ്ദിക്റ ലിതുബയ്യിനലിന്നാസി മാ നുസ്സില ഇലയ്ഹിം വ ലഅല്ലഹും യതഫക്കറൂൻ**(സ്പഷ്ടമായ ദൃഷ്ടാന്തങ്ങളും ഏടുകളുമായി(നാം അവരെ അയച്ചു). ഈ (പരിപൂർണ)ഉദ്ബോധനം നിനക്കു നാം അവതരിപ്പിച്ചു തന്നിരിക്കുന്നു; അവർക്കായി ഇറക്കപ്പെട്ട സന്ദേശം നീ അവർക്കു വിവരിച്ചുകൊടുക്കുന്നതിനും അവർ ചിന്തിക്കുന്നതിനുംവേണ്ടി) എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്[റ] പറയുന്നു: ലിതുബയ്യിന ലിന്നാസി മാ നുസ്സില ഇലയ്ഹിം ലിതുബയ്യിനയുടെ '**ലാമ്**' '**ലാമ് തഅ്ലീലും**' '**ലാമ് ആഖിബത്തും**' ആകാവുന്നതാണ്. '**ലാമ്**

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**അല്ലാഹു നിങ്ങളിൽ നബി(സ)തിരുമേനിക്ക് ഹിദായത്ത് നല്കിയ കാര്യം വിട്ടിരിക്കുകയാണ്. നിങ്ങൾ അതിനെ ശക്തമായി താങ്ങിപ്പിടിച്ചാൽ നബി(സ)തിരുമേനിക്ക് ഹിദായത്ത് നല്കിയ പോലെ അല്ലാഹു നിങ്ങൾക്കും ഹിദായത്തു നല്കുന്നതാണ്.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്തുകാലം നാലു ഖുലഫാഉർറാശിദീങ്ങളിലും ഹ്രസ്വമായിരുന്നു. അതു ഏകദേശം രണ്ടേകാൽ വർഷമായിരിന്നു. എന്നാൽ, ഈ ചെറിയ ഖിലാഫത്തെ റാശിദായുടെ കാലഘട്ടം വളരെ സുപ്രധാനവും സുന്ദരവുമായ കാലഘട്ടമെന്ന പറയാൻ അർഹതയുള്ളതാണ്. കാരണം ഹദ്റത്ത് അബൂബക്ർ(റ)നു ഏറ്റവുമധികം ഭയങ്കരവും പ്രായസഭരിതവുമായ കാര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നു. പിന്നെ അല്ലാഹുവിൽനിന്ന് അനിതരസാധാരണമായ പിന്തുണയുടേയും സഹായത്തിന്റേയും അനുഗ്രഹത്തിന്റേയും ഫലമായി ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഉന്നതമായ ധൈര്യവും ധീരതയും ഉൾക്കാഴ്ചയും തിരിച്ചറിവും മുഖേന കുറഞ്ഞ കാലഘട്ടമായിരുന്നിട്ടുകൂടി ഭയാനകമായ എല്ലാ മേഘങ്ങളും മാറ്റപ്പെട്ടു. എല്ലാ ഭയവും സമാധാനത്തിലേക്ക് മാറി. കലാപകാരികളേയും ധിക്കാരികളേയും ഇല്ലാതാക്കി. ഖിലാഫത്തിന്റെ ചാഞ്ചാടിക്കൊണ്ടിരുന്ന നേതൃത്വത്തെ ശക്തവും സുഭദ്രവുമായ അടിത്തറയിൽ നിലനിറുത്തി.

**ലോകത്തിലെ ചിന്താപരമായ അവസ്ഥകളുടേയും അണുവായുധ യുദ്ധത്തിന്റെ ആശങ്കയുടേയും അടിസ്ഥാനത്തിൽ സ്വലാത്ത് ചൊല്ലാനും ഇസ്തിഗ്ഫാർ ചെയ്യാനും ദുആകളിരക്കാനും ആഹ്വാനം**

ശാമിലെ ജനാബ് അബുൽ ഫർജ് അൽഹുസ്നി സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും

**ഖുത്ബ ജുമുഅ 2022 മാർച്ച് 4/1401 തബ്‌ലീഗ് 25, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْھَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത് സംബന്ധിച്ച ചർച്ചയാണ് നടന്നു വന്നിരുന്നത്. താരീഖ് ത്വബരിയിൽ എഴുതുന്നു: 'ഈ സന്ദർഭത്തിൽ ഹദ്റത്ത് ഖുബ്ബാബ് ബിൻ മുൻദിർ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'അൻസ്വാർ സമൂഹമേ! നിങ്ങൾ ഈ കാര്യത്തിന്റെ തീരുമാനം നിങ്ങളുടെ കൈയിൽത്തന്നെ വെക്കുക. കാരണം ഈ സമയത്ത് ഇവർ നിങ്ങളുടെ തണലിലാണുള്ളത്. അതായത് മുഹാജിരീങ്ങൾ. നിങ്ങളെ എതിർക്കുന്നതിന് ആർക്കും ധൈര്യം ഉണ്ടാകില്ല. ജനങ്ങൾ നിങ്ങളുടെ അഭിപ്രായത്തിനെതിരെ നിങ്ങളുടെ തീരുമാനത്തെ എതിർക്കുന്നതല്ല. നിങ്ങൾ അന്തസ്സുള്ളവരും ധനാഢ്യരും എണ്ണത്തിൽ അധികമുള്ളവരും ശക്തിയും പ്രഭാവമുള്ളവരും യുദ്ധ നൈപുണ്യമുള്ളവരും യോദ്ധാക്കളുമാകുന്നു. ജനങ്ങൾ നിങ്ങളെന്തു ചെയ്യുന്നുവെന്നാണ് നോക്കിക്കൊണ്ടിരിക്കുന്നത്. നിങ്ങൾ അഭിപ്രായ വ്യത്യാസം പ്രകടിപ്പിക്കുന്നില്ലെങ്കിൽ നിങ്ങളുടെ അഭിപ്രായം നിങ്ങൾക്കിടയിൽ കുഴപ്പം സൃഷ്ടിക്കുന്നതായിരിക്കും. ഇവർ ഇക്കാര്യങ്ങൾ നിഷേധിക്കുകയാണെങ്കിൽ, അതായത് മുഹാജിരീങ്ങളായ ഖുറയ്ശികൾ നിങ്ങൾ ഇപ്പോൾ കേട്ടതുപോലെ ഒരു അമീർ ഞങ്ങളിൽനിന്നും ഒരു അമീർ അവരിൽനിന്നും എന്നത് നിഷേധിക്കുകയാണെങ്കിൽ നിങ്ങളുടെ കാര്യങ്ങൾ നിങ്ങൾക്കുമേൽത്തന്നെ തിരിച്ചു പതിക്കുന്നതുമാണ്. അപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അതു സാധ്യമല്ല. രണ്ടു വാളുകൾ ഒരു ഉറയിൽ ഒരുമിച്ച് ഉണ്ടാകുന്നതല്ല. അല്ലാഹുവാണ! അറബികളൊരിക്കലും നിങ്ങളെ അമീറാക്കുന്ന കാര്യത്തിൽ സമ്മതിക്കുന്നതല്ല. അവരുടെ നബി നിങ്ങളെക്കൂടാതെ മറ്റൊരു ഗോത്രത്തിലായിരിക്കെ അതെ സമയം ഈ വിഷയം തീരുമാനിക്കാൻ ആരിലാണോ നബി വന്നിട്ടുള്ളത് അവരെ ഏൽപിക്കുകയാണെങ്കിൽ അറബികൾക്ക് അത് അംഗീകരിക്കാൻ ഒരു പ്രയാസവും ഉണ്ടാകുന്നതല്ല. അവരിൽനിന്നുതന്നെ അവർക്ക് അമീർ ഉണ്ടാകേണ്ടതാണ്. ഈ രൂപത്തിൽ അറബികളിൽനിന്ന് ആരെങ്കിലും അതിന്റെ നേതൃത്വം അംഗീകരിക്കുന്നത് നിരാകരിക്കുകയാണെങ്കിൽ അതിനെതിരിൽ നമ്മുടെ പക്കൽ തുറന്ന തെളിവും തുറന്ന അവകാശവും ഉണ്ടായിരിക്കും. മുഹമ്മദ്(സ)ന്റെ ഭരണവും നേതൃത്വവും സംബന്ധിച്ച് ആരാണ് ഞങ്ങളെ എതിർക്കുക. ഞങ്ങൾ തന്നെയാണ് നബി(സ) തിരുമേനിയുടെ സുഹൃത്തുക്കളും കുടുംബക്കാരും. വിവരദോഷികളോ പാപികളോ സ്വയം നാശത്തിൽ അകപെടുന്നവരോ മാത്രമേ ഈ അഭിപ്രായത്തെ നിരാകരിക്കുകയുള്ളൂ. അല്ലാതെ മറ്റാരും അങ്ങനെ ചെയ്യുന്നതല്ല. ഖുബ്ബാബ് ബിൻ മുൻദിർ പറഞ്ഞു: 'അൻസ്വാർ സമൂഹമേ! നിങ്ങൾ ഈ കാര്യത്തെ കുറിച്ച് സ്വയം തീരുമാനമെടുക്കുക. നിങ്ങളൊരിക്കലും ഇയാളുടെയോ ഇയാളുടെ സഹചാരികളുടെയോ വാക്കുകൾ അംഗീകരിക്കരുത്. ഇവർ നിങ്ങളുടെ ഭാഗവുംകൂടി ദഹിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്. ഇവർ നമ്മുടെ അഭിപ്രായം അംഗീകരിക്കുന്നില്ലെങ്കിൽ അവരെല്ലാവരെയും നമ്മുടെ നാട്ടിൽനിന്ന് പുറത്താക്കണം. എല്ലാ കാര്യത്തിന്റേയും നിയന്ത്രണം സ്വന്തം കൈകളിൽ ഏറ്റെടുക്കണം. അല്ലാഹുവാണ! നിങ്ങൾ ഇമാറത്തിന് ഏറ്റവും അനുയോജ്യരും അർഹരുമാകുന്നു. നിങ്ങളുടെ വാളുകൾ എല്ലാ ജനങ്ങളെയും ഈ ദീനിനെ അനുസരിക്കുന്നവരാക്കിയിരിക്കുന്നു. അവർ ഒരിക്കലും അനുസരിക്കുന്നവർ അല്ലായിരുന്നു. ഞാൻ ഈ നടപടികളുടെയും തീരുമാനം സ്വയം ഏറ്റെടുക്കുന്നതാണ്. കാരണം ഞാൻ അതിനെ കുറിച്ച് നല്ല പോലെ അനുഭവമുള്ളവനാകുന്നു. അതിന് അർഹനുമാകുന്നു. അല്ലാഹുവാണ! നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഞാൻ വെട്ടിമുറിച്ച് അതിന്റെ തീരുമാനം എടുക്കുന്നതായിരിക്കും.' ഹദ്റത്ത് ഉമർ പറഞ്ഞു: 'അങ്ങനെ നിങ്ങൾ ചെയ്യുകയാണെങ്കിൽ അല്ലാഹു നിങ്ങളെ നശിപ്പിക്കുന്നതായിരിക്കും.' ഖുബ്ബാബ് പറഞ്ഞു: 'നിങ്ങൾ കൊല്ലപ്പെടുന്നതായിരിക്കും.' ഹദ്റത്ത് അബൂഉബയ്ദ(റ) ആ സന്ദർഭത്തിൽ പറഞ്ഞു: 'അല്ലയോ അൻസ്വാർ സമൂഹമേ! നിങ്ങൾ ഏറ്റവും ആദ്യം ദീനിനെ പിന്തുണച്ചവരും സഹായിച്ചവരുമാകുന്നു. ഇനി നിങ്ങൾത്തന്നെ ഏറ്റവുമാദ്യം അതിൽ തർക്കങ്ങളും മാറ്റങ്ങളും കൊണ്ടുവരുന്നവരാകരുത്.' അപ്പോൾ ബശീർ ബിൻ സഅ്ദ് പറഞ്ഞു: 'അല്ലയോ അൻസ്വാർ സമൂഹമേ, മുശ്‌രിക്കീങ്ങളോട് ജിഹാദിനും ഇസ്‌ലാം ദീനിന്റെ ആരംഭത്തിൽ സേവനത്തിനും ഏറ്റ

വുമാദ്യം നമുക്ക് സൗഭാഗ്യം ലഭിച്ചു. അതുകൊണ്ട് നമ്മളുടെ ഉദ്ദേശ്യം കേവലം നമ്മുടെ രക്ഷിതാവിന്റെ തൃപ്തിയും നബിയുടെ അനുസരണവുമായിരുന്നു. അതുകൊണ്ട് മറ്റുള്ളവർക്കുമേൽ നമ്മുടെ മേൽക്കോയ്മ സ്ഥാപിക്കുന്നത് ഉചിതമല്ല. നമ്മൾ അതുമുഖേന ഭൗതികമായ ഒരു നേട്ടവും ആഗ്രഹിക്കുന്നില്ല. നിങ്ങൾക്കുമേൽ ഈ വിഷയത്തിൽ അല്ലാഹുവിന്റെ ഔദാര്യമാണുള്ളത്. അറിയുക! തീർച്ചയായും മുഹമ്മദ്[സ] ഖുറയ്ശികളിൽ നിന്നായിരുന്നു. അതുകൊണ്ട് ആ ദിവ്യാത്മാവിന്റെ സമൂഹം ഇതിന്റെ നേതൃത്വത്തിന് ഏറ്റവും അർഹരും അനുയോജ്യരുമാണ്. ഞാൻ അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്തു പറയുന്നു: ഞാനൊരിക്കലും ഇക്കാര്യത്തിൽ അവരുമായി ശണ്ഠ കൂടുന്നതല്ല. അല്ലാഹുവിനെ ഭയപ്പെടുവിൻ. അവരെ എതിർക്കാതിരിക്കുവിൻ. ഈ കാര്യത്തിൽ അവരുമായി ശണ്ഠ കൂടരുത്. *(താരീഖ് അത്ത്വബരീ വാള്യം 2, പേജ് 243, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 1987)*

ഏതായിരുന്നാലും ഹദ്റത്ത് ഉമർ[റ]ചെയ്ത പ്രഭാഷണം മറ്റൊരു സ്ഥലത്തുള്ള നിവേദനത്തിൽ ഇങ്ങനെ വന്നിട്ടുണ്ട്. സുനൻ കുബ്റാലിന്നസാഇയിൽ ഇങ്ങനെ വന്നിരിക്കുന്നു: സഖീഫ ബനു സായിദയിൽ അൻസ്വാർ, ഒരു അമീർ ഞങ്ങളിൽനിന്നും ഒരാൾ നിങ്ങളിൽ നിന്നും എന്ന് പറഞ്ഞപ്പോൾ നേരത്തെ പറഞ്ഞു വന്നതുപോലെ ഹദ്റത്ത് ഉമർ പറഞ്ഞു: ഒരു ഉറയിൽ രണ്ടു വാളുകൾ ഇരിക്കുന്നതല്ല. അങ്ങനെ അത് ശരിയാകുന്നതുമല്ല. പിന്നെ അദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ കൈ പിടിച്ചു. ഹദ്റത്ത് ഉമർ അദ്ദേഹത്തോട് പറഞ്ഞു: ഇപ്പറയുന്ന മൂന്ന് മേന്മകൾ ആർക്കാണുള്ളത്. **ഇദ് യഖൂലു ലി സ്വാഹിബിഹി ലാ തഹ്സൻ ഇന്നല്ലാഹ മഅനാ**(9:40) അദ്ദേഹം പറയുകയായിരുന്നപ്പോൾ, 'നീ ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്. അദ്ദേഹത്തിന്റെ കൂട്ടുകാരൻ ആരായിരുന്നു? പിന്നെ പറയുന്നു: **ഇദ്ഹുമാ ഫിൽഗാരി**(9:40) അവരിരുവരും ഗുഹയിലായിരുന്നപ്പോൾ! അവരിരുവരും ആരായിരുന്നു? പിന്നെ അദ്ദേഹം പറഞ്ഞു: **ലാ തഹ്സൻ ഇന്നല്ലാഹു മഅനാ** ദുഃഖിക്കേണ്ട അല്ലാഹു നമ്മോടൊപ്പമുണ്ട്. നബി[സ]തിരുമേനിയുടെ കൂടെ മറ്റാരായിരുന്നു അവിടെ ഉണ്ടായിരുന്നത്? ഹദ്റത്ത് അബൂബക്റിനെ കൂടാതെ മറ്റാരാണ് കൂടെ ഉണ്ടായിരുന്നത്? ഇത്രയും പറഞ്ഞുകൊണ്ട് ഹദ്റത്ത് ഉമർ[റ] ഹദ്റത്ത് അബൂബക്റിന് ബയ്അത് ചെയ്തു. പിന്നെ നിങ്ങളും ബയ്അത്ത് ചെയ്യാൻ ജനങ്ങളോട് പറയുകയും ചെയ്തു. അങ്ങനെ ജനങ്ങളും ബയ്അത്ത് ചെയ്തു. *(സുനനുൽകുബ്റാ ലിന്നസാഇ, കിതാബുവഫാത്തുന്നബി[സ], ഹദീഥ് നമ്പർ 7119, വാള്യം 4, പേജ് 264, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1991)*

ഹദ്റത്ത് ഉമറിനുശേഷം ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, ഹദ്റത്ത് ബശീർ ബിൻ സഅ്ദ് എന്നിവരും എല്ലാ അൻസ്വാറും ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തു. *(അൽകാമിൽ ഫിത്താരീഖ്, വാള്യം 2, പേജ് 193, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2003)(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 3, പേജ് 506,ദാറുൽകുതുബുൽഇൽമിയ്യ് ബെയ്റുത്ത് 2003)*

ഈ ബയ്അത്ത് ഇസ്‌ലാമിക ഗ്രന്ഥങ്ങളിൽ 'സഖീഫ ബയ്അത്ത്' 'ഖാസ്വ ബയ്അത്ത്' എന്നീ പേരുകളിൽ പ്രസിദ്ധമാണ്.*(താരീഖ് അൽഖുലഫാഉർറാശിദീൻ, പേജ് 22, 367, ദാറുന്നഫാഇസ് ബെയ്റുത്ത് 2011)*

ചില നിവേദനങ്ങളിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ[റ], ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തിരുന്നില്ലെന്നും കാണുന്നുണ്ട്. എന്നാൽ, ചില നിവേദനങ്ങളിൽ നിന്നു മനസ്സിലാകുന്നത് അദ്ദേഹവും മറ്റു അൻസ്വാറിനോടൊപ്പം ബയഅത്ത് ചെയ്തിരുന്നുവെന്നാണ്. താരീഖു ത്വബരിയിൽ എഴുതുന്നു: 'മുഴുവൻ സമൂഹവും ഊഴമനുസരിച്ച് ഹദ്റത്ത് അബൂബക്റിന് ബയ്അത്തു ചെയ്തു, ഹദ്റത്ത് സഅ്ദും ബയ്അത്ത് ചെയ്യുകയുണ്ടായി. *(താരീഖു ത്വബരി വാള്യം 3, പേജ് 266, ദാറുൽ ഫിക്ർ ബെയ്റുത്ത്, 2002)*

നബി[സ]തിരുമേനിക്കു ശേഷമുള്ള ഖിലാഫത്തിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: 'നോക്കുക മുഹമ്മദ് റസൂലുല്ലാ[സ]യ്ക്കുശേഷം ഖിലാഫത്ത് നിലവിൽവന്നു. പിന്നീട് എത്ര നല്ല നിലയിലായിരുന്നു അത് തുടർന്നുവന്നത്. നബി[സ]തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്ർ[റ] ഖലീഫയായി. ആ സമയത്ത് അൻസ്വാർ ഒരു ഖലീഫ തങ്ങളിൽ നിന്നും ഒരു ഖലീഫ മുഹാജിറുകളിൽനിന്നും ആകണമെന്ന് ആഗ്രഹിച്ചു. ഇതു കേട്ടതും ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും മറ്റു ചില സ്വഹാബാക്കളും അൻസ്വാർ സംഘടിച്ചിരുന്ന സ്ഥലത്തുപോയി. അദ്ദേഹം അവരോട് പറഞ്ഞു: 'രണ്ടു ഖലീഫമാർ എന്ന കാര്യംതന്നെ തെറ്റാണ്. ഭിന്നിപ്പിലൂടെ ഇസ്‌ലാം പുരോഗതി നേടുന്നതല്ല. ഖലീഫ ഏതായാലും ഒന്നേ ഉണ്ടാകൂ. നിങ്ങൾ ഭിന്നിക്കുകയാണെങ്കിൽ നിങ്ങളുടെ കെട്ടുറപ്പ് പൊട്ടിപ്പോകുന്നതാണ്. നിങ്ങളുടെ അന്തസ്സ് നഷ്ടപ്പെടുന്നതാണ്. അറബികൾ നിങ്ങളെ എല്ലിൻകഷണം പോലെ വലിച്ചെറിയുന്നതാണ്. അതുകൊണ്ട് നിങ്ങൾ ഇങ്ങനെ പറയരുത്.' ചില അൻസ്വാർ അദ്ദേഹത്തിന് മുന്നിൽ വാദഗതികൾ സമർപ്പിക്കാൻ തുടങ്ങി. ഹദ്റത്ത് ഉമർ പറയുന്നു: ഞാൻ കരുതിയത് ഹദ്റത്ത് അബൂബക്റിന് സംസാരിക്കാൻ അറിയില്ല, അതുകൊണ്ട് ഞാൻ സംസാരിക്കാമെന്നാണ്. എന്നാൽ, ഹദ്റത്ത് അബൂബക്ർ പ്രസംഗിച്ചപ്പോൾ എന്റെ മനസ്സിലുണ്ടായിരുന്ന എല്ലാ കാര്യങ്ങളും അദ്ദേഹം വിവരിച്ചു. ഹദ്റത്ത് ഉമർ[റ] പറയുന്നു: 'എന്റെ മനസ്സിലുണ്ടായിരുന്ന കാര്യങ്ങളും അതിനെക്കാൾ കൂടുതൽ തെളിവുകളും അദ്ദേഹം പറഞ്ഞു. പറയുന്നു: 'ഇതുകണ്ടപ്പോൾ ഞാൻ മനസ്സിൽ പറഞ്ഞു, ഈ വൃദ്ധൻ എന്നെക്കാൾ മുൻ കടന്നിരിക്കുന്നു.' പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അൻസ്വാറിലുള്ള ചിലയാളുകൾ എഴുന്നേൽക്കുകയും ഹദ്റത്ത് അബൂബക്ർ പറയുന്നതാണ് ശരിയെന്നും മക്കക്കാർ അല്ലാതെ ആരെയും അറബികൾ അനുസരിക്കുകയില്ലെന്നും പറഞ്ഞു. പിന്നെ ഒരു അൻസ്വാരി വികാരാ വേശത്താൽ പറഞ്ഞു: 'അല്ലയോ എന്റെ സമൂഹമേ! അല്ലാഹു ഈ രാജ്യത്ത് തന്റെ റസൂലിനെ നിയമിച്ചു. അദ്ദേഹത്തെ അദ്ദേഹത്തിന്റെ കുടുംബക്കാർ നാട്ടിൽ നിന്ന് പുറത്താക്കിയപ്പോൾ നമ്മൾ അദ്ദേഹത്തിന് നമ്മുടെ വീടുകളിൽ സ്ഥലം നൽകി. അല്ലാഹു അതുകാരണം നമുക്ക് അന്തസ്സ് നൽകുകയുണ്ടായി. നമ്മൾ മദീനക്കാർ അറിയപ്പെടാത്തവരായിരുന്നു. മ്ലേച്ഛരുമായിരുന്നു. എന്നാൽ, ഈ റസൂൽ കാരണം നമ്മൾ അന്തസ്സുള്ളവരും പ്രസിദ്ധരുമായി. ഇപ്പോൾ നിങ്ങൾ നമ്മെ അന്തസ്സുള്ളവരാക്കിയ കാര്യത്തിൽ തൃപ്തിപ്പെടുക. അത്യാഗ്രഹം കാണിക്കരുത്. കാരണം അതുകൊണ്ട് നമുക്ക് വല്ല ദോഷവും വന്നു പോകരുത്. ആ സമയത്ത് ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു: 'നോക്കുക ഖിലാഫത്ത് സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. ഇനി നിങ്ങൾക്ക് ഇഷ്ടമുള്ളവരെ ഖലീഫ ആക്കികൊള്ളുക. എനിക്ക് ഖലീഫ ആകണം എന്ന് ഒരു ആഗ്രഹവുമില്ല.' അദ്ദേഹം പറഞ്ഞു: ഈ അബൂഉബയ്ദ ബിൻ ജർറാഹ് ഉണ്ട്. അദ്ദേഹത്തെ നബി[സ] 'അമീനുൽ ഉമ്മത്ത്' എന്ന സ്ഥാനപ്പേര് നൽകിയിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുക. അല്ലെങ്കിൽ ഉമറുണ്ട്. അദ്ദേഹം ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഊരിപ്പിടിച്ച വാളാണ്. നിങ്ങൾ അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുക.' ഹദ്റത്ത് ഉമർ പറഞ്ഞു: 'അബുബക്കറേ! ഇനി സംസാരമെല്ലാം നിറുത്തിയാലും, അങ്ങ് കൈ നീട്ടുവിൻ. ഞങ്ങളുടെ ബയ്അത്ത് സ്വീകരിച്ചാലും.' അല്ലാഹു ഹദ്റത്ത് അബൂബക്റിന്റെ ഹൃദയത്തിലും ധൈര്യമുണ്ടാക്കുകയും അദ്ദേഹം ബയ്അത്ത് സ്വീകരിക്കുകയും ചെയ്തു. *(മജ്‌ലിസ് ഖുദ്ദാമുൽഅഹ്മദിയ്യ മർക്കസിയ്യാകെ സാലാന ഇജ്തിമാഅ് 1956 മെ ഖിത്വാബാത്ത്, അൻവാറുൽഉലൂം, വാള്യം 25, പേജ് 402-403)*

സഖീഫ ബനീസായിദായിലെ പൊതു ബയ്അത്തിനെ സംബന്ധിച്ച് കൂടുതൽ രേഖപെടുത്തിയിട്ടുണ്ട്. അതായത് നബി[സ]തിരുമേനിയുടെ വഫാത്ത് തിങ്കളാഴ്ചയായിരുന്നു. ജനങ്ങൾ സഖീഫ ബനീസായിദായിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന് ബയ്അത്ത് ചെയ്യുന്നതിൽ വ്യാപൃതരായിരുന്നു. പിന്നെ തിങ്കളാഴ്ച ദിവസത്തെ ബാക്കി സമയവും ചൊവ്വാഴ്ച രാവിലെയും മസ്ജിദിൽ പൊതു ബയ്അത്ത് നടന്നു. ഹദ്റത്ത് അനസ് ബിൻ മാലിക്[റ] നിവേദനം. അദ്ദേഹം പറയുന്നു: സഖീഫ ബനി സായിദായിൽ ബയ്അത്ത് കഴിഞ്ഞപ്പോൾ രണ്ടാമത്തെ ദിവസം ഹദ്റത്ത് അബൂബക്ർ[റ] ഇരിക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ[റ] എഴുന്നേല്ക്കുകയും ഹദ്റത്ത് അബൂബക്റിന് മുമ്പേ പ്രഭാഷണം നടത്തുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചതിനുശേഷം പറഞ്ഞു: ജനങ്ങളേ! ഞാൻ ഇന്നലെ നിങ്ങളോട് ഒരു കാര്യം പറഞ്ഞിരുന്നു. അതായത് നബി[സ]മരിച്ചിട്ടില്ലെന്ന്! ഞാൻ അത് സംബന്ധിച്ചുള്ള പരാമർശം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ എവിടെയും കണ്ടില്ല. മാത്രമല്ല നബി[സ]തിരുമേനി എന്നോട് അത് സംബന്ധിച്ച് വസ്വിയ്യത്ത് ചെയ്തിട്ടില്ല. ഞാൻ കരുതിയത് നബി[സ]തിരുമേനി തീർച്ചയായും നമ്മുടെ കാര്യങ്ങൾക്കൊക്കെ ഏർപ്പാട് ചെയ്യുമെന്നാണ്.' നിവേദകൻ പറയുന്നു: ഹദ്റത്ത് ഉമർ പറഞ്ഞു: 'ഞാൻ കരുതിയത് നമ്മളെല്ലാം ആദ്യം മരിക്കുമെന്നും നബി[സ]തിരുമേനി ഏറ്റവും അവസാനം മരിക്കുമെന്നുമാണ്. നിസ്സംശയം! അല്ലാഹു നിങ്ങൾക്കിടയിൽ നബി[സ]തിരുമേനിയുടെ സന്മാർഗ്ഗത്തെ ബാക്കിയാക്കിയിരിക്കുന്നു. നിങ്ങൾ അതിനെ ശക്തമായി മുറുകെ പിടിച്ചാൽ അല്ലാഹു നിങ്ങൾക്കും നബി[സ]തിരു

മേനിയ്ക്കു സന്മാര്‍ഗം നല്‍കിയതുപോലെ വഴി കാണിക്കുന്നതാണ്.

അല്ലാഹു നിങ്ങളുടെ കാര്യങ്ങള്‍ നിങ്ങളില്‍ ഏറ്റവും ഉത്തമനായ വ്യക്തിയുടെ കൈകളിലാണ് ഏല്പിച്ചിട്ടുള്ളത്. അദ്ദേഹം നബി(സ)തിരുമേനിയുടെ സുഹൃത്താണ്. **ഥാനിയഥ്നയ്നി ഇദ്ഹുമാ ഫില്‍ ഗാരി** എന്നതിന്റെ സാക്ഷാത്കാരമാണ്. അതായത് അവരിരുവരില്‍ ഒരാളായിരുന്നു; അവര്‍ രണ്ടു പേരും ഗുഹയിലായിരുന്നപ്പോള്‍. ആയതിനാല്‍ എഴുന്നേല്‍ക്കൂ! അദ്ദേഹത്തിന് ബയ്അത്തു ചെയ്യൂ. ചുരുക്കത്തില്‍ ജനങ്ങള്‍ സഖീഫ ബയ്അത്തിനുശേഷം അബൂബക്റിന് ബയ്അത്ത് ചെയ്തു.

ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ് പൊതു ബയ്അത്തിന്റെ ദിവസം ഒരു പ്രഭാഷണം നടത്തി. അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചതിനുശേഷം പറഞ്ഞു: 'ജനങ്ങളേ! തീര്‍ച്ചയായും ഞാന്‍ നിങ്ങള്‍ക്കു മേല്‍നോട്ടക്കാരനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. എന്നാല്‍, ഞാന്‍ നിങ്ങളില്‍ ഏറ്റവും നല്ലവനൊന്നുമല്ല. ഞാന്‍ നല്ലത് ചെയ്യുമ്പോള്‍ എന്നോടൊപ്പം സഹായിക്കുവിന്‍. വക്രത സ്വീകരിച്ചാല്‍ എന്നെ നേരയാക്കുവിന്‍. സത്യസന്ധത അമാനത്ത് അഥവാ വിശ്വസിച്ചേല്‍പ്പിച്ച മുതലാകുന്നു. കളവു വഞ്ചനയാണ്. നിങ്ങളിലെ ദുര്‍ബലനായ വ്യക്തിയും എനിക്കുമുന്നില്‍ ശക്തിയുള്ളവനാണ്. ഏതുവരെ ഞാന്‍ മറ്റുള്ളവരില്‍നിന്ന് അവന്റെ അവകാശങ്ങള്‍ വാങ്ങി കൊടുക്കുന്നില്ലയോ നിങ്ങളുടെ ശക്തവാനായ ആള്‍ എന്റെ വീക്ഷണത്തില്‍ ദുര്‍ബലനാകുന്നു; ഞാന്‍ അയാളില്‍നിന്ന് മറ്റുള്ളവരുടെ അവകാശങ്ങള്‍ വാങ്ങികൊടുക്കുന്നതുവരെയും. ഇന്‍ശാഅല്ലാഹ്. അല്ലാഹുവിന്റെ മാര്‍ഗ്ഗത്തിലുള്ള ജിഹാദ് ഒഴിവാക്കുന്ന സമൂഹത്തെ അല്ലാഹു നിന്ദ്യരാക്കി മാറ്റുന്നതാണ്. ഏതുസമൂഹത്തിലാണോ തിന്മകള്‍ പരക്കുന്നത് അല്ലാഹു അതിനെ പ്രയാസത്തില്‍ അകപ്പെടുത്തുന്നതാണ്. ഞാന്‍ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുമ്പോള്‍ നിങ്ങള്‍ എന്നെ അനുസരിക്കുക. ഞാന്‍ അല്ലാഹുവിനെയും റസൂലിനെയും ധിക്കരിക്കുകയാണെങ്കില്‍ നിങ്ങള്‍ക്ക് എന്റെ അനുസരണം നിര്‍ബന്ധമല്ല. നമസ്കരിക്കുന്നതിന് വേണ്ടി എഴുന്നേല്‍ക്കുക.അല്ലാഹു നിങ്ങളെല്ലാവരുടേയുംമേല്‍ കരുണ ചൊരിയുമാറാകട്ടെ. *(അല്‍ബിദായ വന്നിഹായ, വാള്യം 2, ഭാഗം 6, പേജ് 298-299, ഹിജ്റ 11, ഖിലാഫത്ത് അബീബക്ര്‍, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റൂത്ത്, ലബ്നാന്‍ 2001)*

ഹദ്റത്ത് അലി(റ), ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തത് സംബന്ധിച് വ്യത്യസ്ത കാര്യങ്ങള്‍ വിവരിക്കപ്പെട്ടിട്ടുണ്ട്. താരീഖ് ത്വബരിയില്‍ പറയുന്നു: ഹബീബ് ബിന്‍ അബു ഥാബിത്തില്‍ നിന്ന് നിവേദനം, ഹദ്റത്ത് അലി(റ) തന്റെ വീട്ടില്‍ത്തന്നെയായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് ഒരാള്‍ വരികയും ഹദ്റത്ത് അബൂബക്ര്‍ ബയ്അത്ത് വാങ്ങാന്‍ വരുന്നുണ്ടെന്ന് അദ്ദേഹത്തോട് പറയുകയും ചെയ്തു. ഹദ്റത്ത് അലി മേല്‍ക്കുപ്പായം ധരിച്ച് ഇരിക്കുകയായിരുന്നു. അതെ അവസ്ഥയില്‍ വേഗം വേഗം പുറത്തുവന്നു. അതിന്മേല്‍ കോട്ടോ പുതപ്പോ ഉണ്ടായിരുന്നില്ല. അല്പം പോലും സമയം വൈകുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അങ്ങനെ അദ്ദേഹം ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തു, അദ്ദേഹത്തിനടുത്ത് ഇരുന്നു. അദ്ദേഹം തന്റെ വീട്ടില്‍നിന്ന് വസ്ത്രം വരുത്തിക്കുകയും അത് ധരിക്കുകയും ചെയ്തു. വീണ്ടും ഹദ്റത്ത് അബൂബക്റിന്റെ സദസ്സില്‍ത്തന്നെ ഇരിക്കുകയുണ്ടായി. *(താരീഖ് അത്ത്വബരീ ഭാഗം 3, പേജ് 257, ദാറുല്‍ഫിക്ര്‍ ബെയ്റൂത്ത്, 2002)*

ഹദ്റത്ത് അബൂബക്റിന് ഹദ്റത്ത് അലി(റ) ബയ്അത്ത് ചെയ്തത് സംബന്ധിച്ച് വ്യത്യസ്ത നിവേദനങ്ങളുണ്ട്. ചില നിവേദനങ്ങളില്‍ ഹദ്റത്ത് അലി ആറു മാസത്തോളം ബയ്അത്ത് ചെയ്തില്ലെന്ന് വരുന്നുണ്ട്. ഹദ്റത്ത് ഫാത്വിമയുടെ വഫാത്തിനു ശേഷമാണ് ബയ്അത്ത് ചെയ്തത്. ചില നിവേദനങ്ങളില്‍ പറയുന്നു, ഹദ്റത്ത് അലി പൂര്‍ണ മനസ്സോടുകൂടി ഉടന്‍തന്നെ ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്യുകയുണ്ടായി.

ഹദ്റത്ത് അബൂ സയീദ് ഖുദ്രിയില്‍ നിന്നുള്ള നിവേദനം. മുഹാജിരീങ്ങളും അന്‍സാറും ഹദ്റത്ത് അബൂബക്റിനു ബയ്അത്ത് ചെയ്തപ്പോള്‍ ഹദ്റത്ത് അബൂബക്ര്‍ മിമ്പറില്‍ കയറി ജനങ്ങളെ നോക്കുകയുണ്ടായി. അതില്‍ ഹദ്റത്ത് അലിയെ കണ്ടില്ല. അദ്ദേഹം അലിയെ കുറിച്ച് അന്വേഷിച്ചു. അന്‍സാറിലെ കുറച്ചാളുകള്‍ പോയി ഹദ്റത്ത് അലിയെ കൊണ്ടുവന്നു. ഹദ്റത്ത് അബൂബക്ര്‍ ചോദിച്ചു: നബി(സ)തിരുമേനിയുടെ പിതൃവ്യ പുത്രാ! തിരുനബിയുടെ ജാമാതാവേ! താങ്കള്‍ മുസ്‌ലിമീങ്ങളുടെ ശക്തി ക്ഷയിപ്പിക്കുകയാണോ? ഹദ്റത്ത് അലി പറഞ്ഞു: അല്ലയോ നബി(സ)തിരുമേനിയുടെ ഖലീഫ! കുറ്റം പറയരുതേ! പിന്നെ അദ്ദേഹം ഹദ്റത്ത് അബൂബക്റിനു ബയ്അത്ത് ചെയ്യുകയുണ്ടായി. *(സീറത്തു അമീറുല്‍മുഅ്മിനീന്‍ അലി ബിന്‍ അബീത്വാലിബ്, ശഖ്സിയത്തുഹൂ വ അസ്റുഹു, അലി മുഹമ്മദു അസ്സലാബീ, പേജ് 119, ദാറുല്‍മഅ്രിഫ ബെയ്റൂത്ത് 2006) (അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി കഥീര്‍, പേജ് 693, പ്രസാധകര്‍ ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ 2005)*

അല്ലാമാ ഇബ്നു കഥീര്‍ പറയുന്നു: ഹദ്റത്ത് അലി ബിന്‍ അബീ താലിബ് നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം ആദ്യ ദിവസമോ രണ്ടാമത്തെ ദിവസമോ ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്യുകയുണ്ടായി, ഇതാണ് സത്യാവസ്ഥ. കാരണം ഹദ്റത്ത് അലി ഒരിക്കലും ഹദ്റത്ത് അബൂബക്റിനെ ഒഴിവാക്കിയിട്ടില്ല. ഹദ്റത്ത് അബൂബക്റിന്റെ പിന്നില്‍ നമസ്കരിക്കുന്നത് ഉപേക്ഷിച്ചിട്ടുമില്ല. *(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി കഥീര്‍, പേജ് 694, പ്രസാധകര്‍ ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ 2005)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു: 'ഹദ്റത്ത് അലി കര്‍റമല്ലാഹു വജ്ഹഹു ആദ്യമാദ്യം ഹദ്റത്ത് അബൂബക്റിനു ബയ്അത്ത് ചെയ്യുന്നതില്‍ അമാന്തം കാണിച്ചിരുന്നു. പിന്നെ വീട്ടിലെത്തിയപ്പോള്‍ അല്ലാഹുവിനറിയാം എന്തോ ചിന്ത വരികയും തലപ്പാവ് പോലും ധരിക്കാതെ തൊപ്പിയും ഇട്ട് ഉടന്‍തന്നെ ബയ്അത്ത് ചെയ്യാന്‍ വന്നു. തലപ്പാവ് പിന്നീടു വരുത്തിക്കുകയാണ് ചെയ്തത്. മനസ്സിലാകുന്നത്, അത് വലിയ പാപമാണെന്ന് അദ്ദേഹം ചിന്തിക്കുകയും അതുകൊണ്ട് എത്രാമാത്രം ധിറുതി കാണിച്ചുവെന്നാല്‍ പകിടി പോലും ധരിക്കാതെ തൊപ്പിയുമിട്ട് ഉടന്‍തന്നെ ബയ്അത്ത് ചെയ്യാന്‍ വരികയുണ്ടായി. പകിടി പിന്നീട് വരുത്തിക്കുകയായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'ഹദ്റത്ത് അബൂബക്റിനെ നോക്കുക. അദ്ദേഹം മക്കയിലെ ഒരു സാധാരണ കച്ചവടക്കാരനായിരുന്നു. നബി(സ)തിരുമേനി നിയോഗിതനാ കാതിരിക്കുകയും മക്കയുടെ ചരിത്രം എഴുതപ്പെടുകയുമാണെങ്കില്‍ ചരിത്രകാരന്മാര്‍ ഹദ്റത്ത് അബൂബക്ര്‍ അറേബ്യായിലെ ഒരു മാന്യനും വിശ്വസ്തനുമായ കച്ചവടക്കാരനായിരുന്നുവെന്ന് മാത്രം സാക്ഷ്യപ്പെടുത്തുമായിരുന്നു. എന്നാല്‍, നബി(സ) തിരുമേനിയെ പിന്‍പറ്റിയതുകൊണ്ട് ഹദ്റത്ത് അബൂബക്റിനു ഇന്ന് മുഴുവന്‍ ലോകവും ഭക്തി ആദരപൂര്‍വം ആദരിക്കപ്പെടുന്ന സ്ഥാനം ലഭ്യമായി. നബി(സ)തിരുമേനി വഫാത്തായപ്പോള്‍ മുസ്‌ലിമീങ്ങള്‍ ഹദ്റത്ത് അബൂബക്റിനെ തങ്ങളുടെ ഖലീഫയും രാജാവുമായി തിരഞ്ഞെടുത്തു. മക്കക്കാര്‍ക്കിടയിലും ഈ സന്ദേശമെത്തി. ഒരു സദസ്സില്‍ കുറെയാളുകള്‍ ഇരിക്കുന്നുണ്ടായിരുന്നു. അതില്‍ ഹദ്റത്ത് അബൂബക്റിന്റെ പിതാവ് അബൂഖുഹാഫയുമുണ്ടായിരുന്നു. ജനങ്ങള്‍ ഹദ്റത്ത് അബൂബക്റിന്റെ കൈയില്‍ ബയ്അത്ത് ചെയ്തുവെന്ന് കേട്ടപ്പോള്‍ അദ്ദേഹത്തിനത് വിശ്വസിക്കാന്‍ കഴിഞ്ഞില്ല. ആ വാര്‍ത്ത എത്തിച്ച ആളോട് അദ്ദേഹം ചോദിച്ചു: നിങ്ങള്‍ ഏത് അബൂബക്റിനെ പറ്റിയാണ് പറയുന്നത്. ആഗതന്‍ പറഞ്ഞു: നിങ്ങളുടെ മകന്‍ അബൂബക്റിനെ പറ്റിത്തന്നെ. അദ്ദേഹം അറബികളിലെ ഓരോരോ ഗോത്രത്തിന്റേയും പേരെടുത്ത് ചോദിച്ചു. അവരെല്ലാം അബൂബക്റിന് ബയ്അത്ത് ചെയ്തോ എന്ന്. ആഗതന്‍ പറഞ്ഞു, എല്ലാവരും ഐക്യകണ്ഠ്യേന അബൂബക്റിനെ ഖലീഫയും രാജാവുമായി തിരഞ്ഞെടുത്തിരിക്കുന്നു. അപ്പോള്‍ അബുഖുഹാഫ അനിയന്ത്രിതമായി പറഞ്ഞു: **അശ്ഹദു അന്‍ല്ലാ ഇലാഹാ ഇല്ലല്ലാഹ വ അശ്ഹദു അന്ന മുഹമ്മദന്‍ അബ്ദുഹു വ റസൂലുഹു.** അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ലെന്നു ഞാന്‍ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദു(സ)റസൂലുല്ലാഹ് അവന്റെ സത്യ പ്രവാചകനാണെന്നും ഞാന്‍ സാക്ഷ്യം വഹിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)എഴുതുന്നു: 'വാസ്തവത്തില്‍ അദ്ദേഹം നേരത്തെതന്നെ മുസ്‌ലിമായിട്ടുണ്ടായിരുന്നു. നേരത്തെതന്നെ നബി(സ)തിരുമേനിക്ക് ഹദ്റത്ത് അബൂഖുഹാഫ ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹം ഈ കലിമ ചൊല്ലിയത്, മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ രിസാലത്ത് ഏറ്റു പറഞ്ഞതിനു കാരണം ഹദ്റത്ത് അബൂബക്ര്‍ ഖലീഫയായപ്പോള്‍ അദ്ദേഹത്തിന്റെ കണ്ണുകള്‍ തുറക്കുകയും അത് ഇസ്‌ലാമിന്റെ സത്യത്തിനുള്ള നല്ലൊരു തെളിവാണെന്ന് മനസ്സിലാക്കുകയും ചെയ്തതുകൊണ്ടാണ്. അതായത് മുഴുവന്‍ അറബികളും തന്റെ മകന്റെ കൈയില്‍ ഒരുമിച്ച് കൂടാന്‍ മാത്രം മകന് എന്ത് വിലയാണുള്ളത്? *(തഫ്സീറെ കബീര്‍ വാള്യം 6, പേജ് 205-206)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരിടത്ത് വീണ്ടും ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: നോക്കുക! ഇസ്‌ലിമിനു മുമ്പേ ഹദ്റത്ത് അബൂബക്റിന്റെ അവസ്ഥ എന്തായിരുന്നു. അദ്ദേഹം ഖലീഫ ആയപ്പോള്‍ അദ്ദേഹത്തിന്റെ പിതാവ് ജീവിച്ചിരിപ്പുണ്ടായിരുന്നു. ആരോ പോയി അദ്ദേഹത്തോട് പറഞ്ഞു: 'താങ്കള്‍ക്ക് അഭിനന്ദനങ്ങള്‍! അബൂബക്ര്‍ ഖലീഫ ആയി

രിക്കുന്നു.' അദ്ദേഹം ചോദിച്ചു. ഏത് അബൂബക്ർ? ആഗതൻ പറഞ്ഞു: 'താങ്കളുടെ മകൻ.' അപ്പോഴും അദ്ദേഹത്തിന് വിശ്വസിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു: മറ്റാരെങ്കിലുമായിരിക്കും! എന്നാൽ, അദ്ദേഹത്തോട് ഈ കാര്യം ഉറപ്പിച്ച് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹു അക്ബർ! മുഹമ്മദ്(സ) തിരുമേനിയുടെ സ്ഥാനം എത്ര വലുതാണ്. അബൂഖുഹാഫയുടെ മകനെ അറബികൾ തങ്ങളുടെ നേതാവായി അംഗീകരിച്ചിരിക്കുന്നു! ലോകത്ത് ഒരു പ്രതാപവും ഇല്ലാതിരുന്ന അബൂബക്ർ, നബി(സ)തിരുമേനിയുടെ അനുഗ്രഹത്താൽ എത്രമാത്രം അന്തസ്സാർജിച്ചുവെന്നാൽ ഇന്നും ലക്ഷക്കണക്കിനാളുകൾ തങ്ങളെ അദ്ദേഹത്തോടു ചേർത്ത് പറയുന്നതിൽ അഭിമാനിക്കുന്നവരാകുന്നു. *(ഖിത്വാബ് ജൽസസാലാന 1919 മാർച്ച് 17, അൻവാറുൽഉലൂം വാള്യം 4, പേജ് 425)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വിവരിക്കുന്നു: 'തീർച്ചയായും അറിയുക! അല്ലാഹു ആരുടേയും ഔദാര്യം തന്റേമേൽ വെക്കുന്നില്ല. അവൻ അയാൾക്ക് ആയിരമോ ലക്ഷക്കണക്കിനോ ഇരട്ടി അത് തിരിച്ച് കൊടുക്കുന്നു. അതായത് എത്രമാത്രം അല്ലാഹുവിന് നൽകുന്നുവോ അത്രയും! നോക്കുക! ഹദ്റത്ത് അബൂബക്ർ(റ) മക്കയിൽ ഒരു സാധാരണ കച്ചവടക്കാരനായിരുന്നു. എന്നാൽ, അല്ലാഹു അദ്ദേഹത്തെ എത്രമാത്രം വിലമതിച്ചുവെന്ന് നോക്കുക. അതിനുപകരമായ അദ്ദേഹത്തെ ഒരു സാമ്രാജ്യത്തിന്റെ അധിപനാക്കുക തന്നെ ചെയ്തു.' *(ഹഖാഇഖുൽ ഫുർഖാൻ വള്യം 1, പേജ് 244)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്തിനെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ ഒരു സ്വപ്നവുമുണ്ട്. ഇത് സംബന്ധിച്ച് പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിൽ നിന്നുള്ള നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ജനങ്ങൾ ഒരു മൈതാനത്ത് ഒരുമിച്ചു കൂടിയതായി ഞാൻ കണ്ടു. അബൂബക്ർ എഴുന്നേറ്റുപോയി, ഒന്നോ രണ്ടോ തോൽപ്പാത്രം വെള്ളംകോരി. അദ്ദേഹത്തിന് ക്ഷീണമുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കട്ടെ. പിന്നീട് ആ തൊട്ടി ഉമർ ബിൻ ഖത്ത്വാബ് എടുത്തു. അദ്ദേഹത്തിന്റെ കൈയിൽ അതൊരു കനത്ത തോൽപ്പാത്രമായി മാറി. ജനങ്ങളെയെല്ലാം ദാഹം തീർത്തു. അവരുടെ വിശ്രമസങ്കേതത്തിലേക്ക് പറഞ്ഞയക്കുന്ന ഇത്ര മഹാനായ ഒരു നേതാവിനെ ജനങ്ങളിൽ ഞാൻ കണ്ടിട്ടില്ല. *(സ്വഹീഹുൽബുഖാരി, കിതാബു ഫളാഇലു അസ്ഹാബുന്നബി(സ), ബാബു മനാഖിബു ഉമർ ബിൻ ഖത്ത്വാബ്, ഹദീഥ് 3682)*

ഹദ്റത്ത് അബൂബക്ർ(റ)ന്റേയും ഒരു സ്വപ്നമുണ്ട്. അതിനെ സംബന്ധിച്ച് പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ) ഒരിക്കൽ സ്വപ്നം കണ്ടു. അദ്ദേഹത്തിന്റെ ശരീരത്തിൽ ഒരു ജോഡി യമനി പുതപ്പുണ്ട്. എന്നാൽ, അതിന്റെ നെഞ്ചിന്റെ ഭാഗത്ത് രണ്ടു അടയാളങ്ങളുമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) നബി(സ)തിരുമേനിക്കുമുമ്പിൽ ഈ സ്വപ്നം വിവരിച്ചപ്പോൾ അവിടന്ന് പറഞ്ഞു: 'യമനി പുതപ്പിന്റെ ജോഡികൊണ്ടുള്ള ഉദ്ദേശ്യം നിങ്ങൾക്ക് നല്ല മക്കളെ ലഭിക്കുമെന്നാണ്. രണ്ടു അടയാളം കൊണ്ടുള്ള വിവക്ഷിതം രണ്ടു വർഷത്തെ ഇമാറാത്താകുന്നു. അതായത് നിങ്ങൾ രണ്ടു വർഷം മുസ്‌ലിമീങ്ങൾക്കുമേൽ ഭരണാധിപനായി ഇരിക്കുന്നതാണ്. *(കൻസുൽഉമ്മാൽ, വാള്യം 3, ഭാഗം 5, പേജ് 253, ഹദീഥ് 14111, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2004)*

ഖിലാഫത്ത് തിരഞ്ഞെടുപ്പിനു ശേഷം ഹദ്റത്ത് അബൂബക്റിനു വേണ്ടി സ്റ്റൈപന്റ് നിജപ്പെടുത്തിയത് സംബന്ധിച്ച് ഇങ്ങനെ വന്നിരിക്കുന്നു: ഖിലാഫത്തിനുശേഷം അദ്ദേഹം മദീനയിലേക്ക് പോയി. അവിടെത്തന്നെ താമസിച്ചു. അദ്ദേഹം തന്നെക്കുറിച്ച് ആലോചിച്ചു. അല്ലാഹുവാണ! കച്ചവടം ചെയ്തുകൊണ്ട് ജനങ്ങളുടെ കാര്യങ്ങൾ നന്നാക്കാൻ കഴിയുന്നതല്ല. ഈ സേവനത്തിന് ഒഴിവും പൂർണമായ ശ്രദ്ധയും ആവശ്യമാണ്. ഇവിടെ എന്റെ കുടുംബത്തിനു വേണ്ടിയും കുറച്ച് ആവശ്യങ്ങളുണ്ട്. അതുകൊണ്ട് അദ്ദേഹം കച്ചവടം ഉപേക്ഷിക്കുകയും ബയ്ത്തുൽമാലിൽനിന്ന് തന്റേയും തന്റെ കുടുംബത്തിന്റേയും ആവശ്യങ്ങൾക്കുവേണ്ടി എല്ലാ ദിവസവും ചെലവിനെടുക്കുകയു ചെയ്തു. അദ്ദേഹത്തിന്റെ വ്യക്തിപരമായ ചെലവുകൾക്കു വേണ്ടി വർഷത്തിൽ ആറായിരം ദിർഹം അംഗീകരിക്കപ്പെട്ടു. *(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 354, ഹിജ്റ 13, ദാറുൽകുതുബുൽ ഇൽമിയ്യ 1987)*

അങ്ങനെ ബയ്ത്തുൽമാലിൽ നിന്ന് ഹദ്റത്ത് അബൂബക്റിനു അത്രയും തുക അദ്ദേഹത്തിന്റേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും ചെലവുകൾക്കായി സ്റ്റൈപന്റ് നിശ്ചയിക്കപ്പെട്ടു. എന്നാൽ, ഹദ്റത്ത് അബൂബക്റിന്റെ വഫാത്ത് സമീപസ്ഥമായപ്പോൾ അദ്ദേഹം തന്റെ കുടുംബക്കാർക്ക് ഇങ്ങനെ നിർദേശം നൽകി. ബയ്ത്തുൽമാലിൽനിന്ന് ഞാനെടുത്തിട്ടുള്ള സ്റ്റൈപന്റ് മുഴുവനും തിരിച്ചു കൊടുക്കണം. അത് കൊടുക്കുന്നതിനുവേണ്ടി എന്റെ ഇന്ന ഇന്ന സ്ഥലം വിൽക്കേണ്ടതാണ്. ഇന്നുവരെ മുസ്‌ലിമീങ്ങളുടെ സമ്പത്തിൽനിന്ന് എനിക്കുവേണ്ടി ചെലവ് ചെയ്തത് ഈ സ്ഥലം വിറ്റുകിട്ടിയ തുകയിൽനിന്ന് പൂർത്തിയാക്കേണ്ടതാണ്. അങ്ങനെ അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് ഉമർ ഖലീഫയായി. ആ തുക അദ്ദേഹത്തിന്റെ അടുക്കലെത്തിയപ്പോൾ അദ്ദേഹം കരഞ്ഞുകൊണ്ട് പറഞ്ഞു: അല്ലയോ അബൂബക്ർ! താങ്കൾ താങ്കളുടെ പിൻഗാമിക്കുമേൽ വളരെ വലിയൊരു ഭാരമാണ് നൽകിയിട്ടുള്ളത്. *(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്(റ), മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 122, ബുക് കോർണർ ഝലം)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ഹദ്റത്ത് അബൂബക്ർ(റ) മുഴുവൻ ഇസ്‌ലാമിക ലോകത്തിന്റേയും രാജാവായിരുന്നു. പക്ഷേ, അദ്ദേഹത്തിന് എന്താണ് കിട്ടിയിരുന്നത്? പൊതു ജനങ്ങളുടെ സമ്പത്തിന്റെ സംരക്ഷകൻ ആയിരുന്നു. പക്ഷേ, ആ തുകയിൽ അദ്ദേഹം ഒരു കൈ കടത്തലും നടത്തിയിരുന്നില്ല. തീർച്ചയായും ഹദ്റത്ത് അബൂബക്ർ(റ) വലിയൊരു വ്യാപാരിയായിരുന്നു. പക്ഷേ, അദ്ദേഹത്തിൽ ഏറ്റവും കൂടുതലുണ്ടായിരുന്ന സ്വഭാവം പണം വരുമ്പോൾ അപ്പോൾത്തന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നായിരുന്നു. അങ്ങനെ നബി(സ)തിരുമേനി വഫാത്താകുകയും അദ്ദേഹം ഖലീഫ ആകുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ പക്കൽ രൊക്കമായി ഒരു തുകയും ഉണ്ടായിരുന്നില്ല. ഖിലാഫത്തിന്റെ അടുത്ത ദിവസംതന്നെ അദ്ദേഹം വസ്ത്രങ്ങളുടെ ഭാണ്ഡവുമെടുത്ത് വിൽക്കുന്നതിനുവേണ്ടി പുറപ്പെട്ടു. ഹദ്റത്ത് ഉമർ(റ) വഴിയിൽവെച്ചു കണ്ടു മുട്ടി. അദ്ദേഹത്തോട് ചോദിച്ചു: എന്താണ് ചെയ്യുന്നത്? അദ്ദേഹം പറഞ്ഞു: ഒടുവിൽ എനിക്കും എന്റെ ചെലവൊക്കെ കഴിയേണ്ടതല്ലേ? ഞാൻ തുണിക്കച്ചവടം ചെയ്തില്ലെങ്കിൽ ഞാൻ എന്തെടുത്താണ് കഴിക്കുക? ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അത് നടക്കില്ല. അങ്ങ് തുണിക്കച്ചവടം നടത്തിക്കൊണ്ടിരുന്നാൽ ഖിലാഫത്തിന്റെ ഉത്തരവാദിത്വം ആരു നോക്കും? ഹദ്റത്ത് അബൂബക്ർ(റ) മറുപടി പറഞ്ഞു; 'ഞാൻ ഈ ജോലി ചെയ്യുന്നില്ലെങ്കിൽ എന്റെ ചെലവ് എങ്ങനെ നടക്കും? ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അങ്ങ് ബയ്ത്തുൽമാലിൽ നിന്ന് സ്റ്റൈപന്റ് എടുത്തുകൊള്ളുക.' ഹദ്റത്ത് അബൂബക്ർ(റ) മറുപടിയായി പറഞ്ഞു: അത് എനിക്ക് ഒരിക്കലും സഹിക്കാൻ കഴിയില്ല. ബയ്ത്തുൽമാലിനുമേൽ എനിക്ക് എന്ത് അവകാശമാണുള്ളത്?' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'വിശുദ്ധ ഖുർആൻ അനുമതി നല്കിയിരിക്കെ അതായത് ദീനി സേവനങ്ങൾ ചെയ്യുന്നവർക്കുമേൽ ബയ്ത്തുൽമാലിന്റെ തുക ചെലവ് ചെയ്യപ്പെടാവുന്നതാണ് എന്നിരിക്കെ അങ്ങയ്ക്ക് എന്തുകൊണ്ട് എടുത്തുകൂടാ? അങ്ങനെ അതിനുശേഷം ബയ്ത്തുൽമാലിൽനിന്ന് സ്റ്റൈപന്റ് നിശ്ചയിക്കപ്പെട്ടു. എന്നാൽ, ആ കാലത്തിന്റെ അവസ്ഥ അനുസരിച്ച് ആ സ്റ്റൈപന്റ് മുഖേന ഭക്ഷണത്തിന്റേയും വസ്ത്രത്തിന്റേയും ആവശ്യങ്ങൾ മാത്രമെ പൂർത്തീകരിക്കപ്പെടുമായിരുന്നു

ശേഷം പേജ് 9 ൽ

## • അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

## • അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## (ഖുത്ബ ജുമുഅ 2022 ഫെബ്രുവരി 25, വാല്യം 7 ലക്കം 13 പേജ് 12-ൽ നിന്ന് തുടർച്ച)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] വിവരിക്കുന്നു: 'ഹദീഥുകളിലും ചരിത്ര പുസ്തകങ്ങളിലും ഈ നിവേദനം രേഖപ്പെടുത്തിയിട്ടുണ്ട്. നബി[സ] തിരുമേനിയുടെ വഫാത്തിൽ സ്വഹാബാക്കൾ എത്രമാത്രം പരിഭ്രമിച്ചുവെന്നാൽ, ചിലർക്ക് ഒന്നും പറയാൻ കഴിയുമായിരുന്നില്ല. ചിലർക്ക് ചലിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. മറ്റു ചിലർക്ക് തങ്ങളുടെ ബുദ്ധിയും ബോധവും നിയന്ത്രിക്കാൻ പറ്റുന്നുണ്ടായിരുന്നില്ല. ഇനിയും ചിലരിൽ ഈ സങ്കടം എത്രമാത്രം പ്രഭാവം ചെലുത്തിയെന്നാൽ അവർ ഏതാനും ദിവസങ്ങൾകൊണ്ട് അതിൽ അലിഞ്ഞലിഞ്ഞ് മരണപ്പെട്ടുപോയി. ഹദ്റത്ത് ഉമറിൽ ഈ വേദന ചെലുത്തിയ പ്രഭാവം എന്തായിരുന്നുവെന്നാൽ അദ്ദേഹം നബി[സ]തിരുമേനിയുടെ മരണ വാർത്ത അംഗീകരിക്കാൻ തയ്യാറായില്ല. ഊരിപ്പിടിച്ച വാളുമായിനിന്ന് പറഞ്ഞു: 'ആരെങ്കിലും നബി[സ]തിരുമേനി മരണപ്പെട്ടു എന്ന് പറഞ്ഞാൽ ഞാൻ അയാളെ വധിക്കുന്നതാണ്. നബി[സ]തിരുമേനി മൂസാ[അ] യെപോലെ വിളിക്കപ്പെട്ടതാണ്. നാൽപത് ദിവസത്തിനുശേഷം അദ്ദേഹം തിരിച്ചുവന്നതുപോലെ, നബി[സ]തിരുമേനിയും കുറച്ച് കാലത്തിനുശേഷം തിരിച്ചു വരുന്നതാണ്. നബി[സ] തിരുമേനിക്കുമേൽ ആരോപണം ഉതിർക്കുന്നവരെയും കപട വിശ്വാസികളെയും അദ്ദേഹം വകവരുത്തുന്നതാണ്. അവരെ കുരിശിലേറ്റുന്നതാണ്.' അദ്ദേഹം ആവേശത്തോടുകൂടി തന്റെ വാദത്തിൽ എത്രമാത്രം ശഠിച്ചിരുന്നു വെന്നാൽ സ്വഹാബാക്കളിലാർക്കുംതന്നെ അദ്ദേഹം പറയുന്നത് നിരാകരിക്കാൻ ശക്തി ഉണ്ടായിരുന്നില്ല. ഹദ്റത്ത് ഉമറിന്റെ ആവേശം കണ്ടപ്പോൾ അദ്ദേഹം പറയുന്നതുതന്നെയാണ് ശരിയെന്ന് പലരും ഉറച്ച് വിശ്വസിച്ചു. നബി[സ]തിരുമേനി മരണപ്പെട്ടിട്ടില്ല. അങ്ങനെ അവരുടെ മുഖത്ത് സന്തോഷത്തിന്റെ പ്രഭാവങ്ങൾ ഉണ്ടാകാൻ തുടങ്ങി. അല്ലെങ്കിൽ മുഖം താഴ്ത്തി ഇരുന്നവർ സന്തോഷത്തോടെ മുഖം ഉയർത്തി. ഈ അവസ്ഥകൾ കണ്ടപ്പോൾ ദീർഘദർശികളായ ചില സ്വഹാബാക്കൾ ഒരു സ്വഹാബിയെ ഹദ്റത്ത് അബൂബക്റിന്റെ അടുക്കൽ പറഞ്ഞു വിട്ടു. അദ്ദേഹം, നബി[സ] തിരുമേനിയുടെ ആരോഗ്യം ഇടയ്ക്ക് കുറച്ച് നന്നായപ്പോൾ ആ മഹാത്മാവിൽനിന്ന് അനുവാദം വാങ്ങി മദീനക്ക് അടുത്തുള്ള ഒരു ഗ്രാമത്തിൽ പോയതായിരുന്നു. അദ്ദേഹത്തെ വേഗം തിരിച്ചുകൊണ്ടുവരാനാണ് ആളെ പറഞ്ഞുവിട്ടത്. അവർ പുറപ്പെട്ട ഉടൻതന്നെ ഹദ്റത്ത്അബൂബക്റിനെ കണ്ടുമുട്ടി. അദ്ദേഹം തിരിച്ചു വരുകയായിരുന്നു. അദ്ദേഹത്തെ കണ്ടപ്പോൾ അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴുകാൻ തുടങ്ങി; അതായത് ഈ വിവരം കൊടുക്കാൻവേണ്ടി പോയ സ്വഹാബാക്കളുടെ കണ്ണുകളിൽനിന്ന്! അവർക്ക് തങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. എന്താണ് കാര്യം? എന്ന് അബൂബക്റിന് മനസ്സിലായി. അദ്ദേഹം സ്വഹാബാക്കളോട് ചോദിച്ചു: 'നബി[സ]തിരുമേനി മരണപ്പെട്ടുവോ?' അവർ മറുപടി പറഞ്ഞത്, ഹദ്റത്ത് ഉമർ പറയുന്നത് നബി[സ]തിരുമേനി മരണപ്പെട്ടു എന്നാരെങ്കിലും പറഞ്ഞാൽ വാളുകൊണ്ട് അവരുടെ തല കൊയ്യുമെന്നാണ്! തുടർന്ന് ഹദ്റത്ത് അബൂബക്ർ, നബി[സ]തിരുമേനിയുടെ വീട്ടിലേക്കുപോയി. നബി[സ]തിരുമേനിയുടെ പരിശുദ്ധ ശരീരത്തിൽ മുത്തി. നബി[സ]തിരുമേനിയുടെ മേലുണ്ടായിരുന്ന തുണി മാറ്റി നോക്കി. അങ്ങനെ നബി[സ]തിരുമേനി വഫാത്തായെന്ന് ഉറപ്പിച്ചു. തന്റെ ഈ സുഹൃത്തിന്റെ വേർപാടിന്റെ ദുഃഖം കാരണം അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്നു അശ്രു ഒഴുകാൻ തുടങ്ങി. കുനിഞ്ഞു നിന്ന് നബി[സ] തിരുമേനിയുടെ നെറ്റിത്തടത്തിൽ മുത്തിക്കൊണ്ട് ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അല്ലാഹു അങ്ങയ്ക്ക് രണ്ടു മരണങ്ങളെ ഒരുമിച്ചു കൂട്ടുന്നതല്ല. അങ്ങയുടെ മരണം കാരണം തീർച്ചയായും ലോകത്തിനുണ്ടായ നഷ്ടം മറ്റൊരു നബിയുടെയും മരണംകൊണ്ട് ഉണ്ടായിട്ടില്ല. അങ്ങയുടെ അസ്തിത്വം എല്ലാത്തിനും മീതെയാകുന്നു. ഒരു വിലാപപ്രകടനം കൊണ്ടും അങ്ങയുടെ വേർപാടിന്റെ വേദന മാറ്റാൻ കഴിയാത്തത്ര ഉന്നതമാകുന്നു അങ്ങയുടെ മഹത്ത്വം. അങ്ങയുടെ മരണത്തെ തടുക്കാൻ ഞങ്ങൾക്ക് ശക്തി ഉണ്ടായിരുന്നുവെങ്കിൽ ഞങ്ങൾ എല്ലാവരും ഞങ്ങളുടെ ജീവൻ കൊടുത്തുകൊണ്ട് അങ്ങയുടെ മരണത്തെ തടുക്കുമായിരുന്നു.

ഇതുംപറഞ്ഞ് ആ പുതപ്പ് നബി[സ]തിരുമേനിയുടെ മേലേക്കുതന്നെ വിരിച്ചിട്ടു. പിന്നെ സ്വഹാബാക്കൾ കൂട്ടംകൂടിയിരുന്ന സ്ഥലത്തു വന്നു. അവരാകട്ടെ നബി[സ]തിരുമേനി മരിച്ചിട്ടില്ല, ജീവനോടെയുണ്ട് എന്ന് പറഞ്ഞു കൊണ്ടിരിക്കുന്നവരായിരുന്നു. അദ്ദേഹം ഹദ്റത്ത് ഉമറിനോട് പറഞ്ഞു: 'അൽപം മിണ്ടാതിരിക്കുക.' പക്ഷേ, അദ്ദേഹം അത് അംഗീകരിക്കുന്നുണ്ടായിരുന്നില്ല. തന്റെ സംസാരം തുടരുകയായിരുന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർ[റ] ഒരിടത്തു മാറി ജനങ്ങളോട് പറഞ്ഞു തുടങ്ങി: യഥാർഥത്തിൽ നബി[സ]തിരുമേനി മരണപ്പെട്ടിരിക്കുന്നു. സ്വഹാബാക്കൾ ഹദ്റത്ത് ഉമറിനെ ഒഴിവാക്കി അദ്ദേഹത്തിന് ചുറ്റുംകൂടി. ഒടുവിൽ ഹദ്റത്ത് ഉമറിനും അദ്ദേഹം പറയുന്നത് വിശ്വസിക്കേണ്ടതായി വന്നു. ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു; ഇതേ കുറിച്ച് നേരത്തെയും വിശദീകരിച്ചുകഴിഞ്ഞതാണ്.

**വമാ മുഹമ്മദിൻ ഇല്ലാ റസൂൽ ഖദ് ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ അഫഇൻമ്മാത്ത ഔ ഖുത്തിലൻഖലബ്ത്തും അലാ അഅ്ഖാബിക്കും വമൻ യ്യൻഖലിബ് അലാ അഖിബയ്ഹി ഫലൻയ്യളുർറല്ലാഹ ശയ് അൻ വസയജ്സില്ലാഹുശ്ശാക്കിരീൻ**(3:145) **ഇന്നക്ക മയ്യിത്തുൻ വ്വ ഇന്നഹുംമ്മയ്യിത്തൂൻ** (39:31).**യാ അയ്യുഹന്നാസു മൻകാന യഅ്ബുദു മുഹമ്മദൻ സ്വല്ലല്ലാഹു അലയ്ഹി വസല്ലമ ഫഇന്ന മുഹമ്മദൻ ഖദ് മാത്ത വമൻകാന യഅ്ബുദുല്ലാഹ ഫഇന്നല്ലാഹ ഹയ്യുൻ ലാ യമൂത്തു.**

മുഹമ്മദ് ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ റസൂൽമാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുകയോ? ഏതൊരാൾ തന്റെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരുദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ്. തീർച്ചയായും നീ മരിക്കുന്നവനാണ്. അവരും മരിക്കുന്നവർതന്നെ. ജനങ്ങളേ!ആരെങ്കിലും മുഹമ്മദ്[സ]നെ ആരാധിച്ചിരുന്നു എങ്കിൽ കേട്ടുകൊള്ളുക മുഹമ്മദ്[സ] മരണപ്പെട്ടിരിക്കുന്നു. ആരെങ്കിലും അല്ലാഹുവിനെ ആരാധിക്കുന്നു എങ്കിൽ അറിഞ്ഞു കൊള്ളുക അല്ലാഹു ജീവിച്ചിരിക്കുന്നവനാകുന്നു. അവൻ മരണപ്പെടുന്നതല്ല. ഹദ്റത്ത് അബൂബക്ർ[റ], മേൽ വിവരിച്ച രണ്ടു ആയത്തുകളും ഓതുകയും നബി[സ] മരണപ്പെട്ടു എന്ന് ജനങ്ങളോട് പറയുകയും ചെയ്തപ്പോൾ സ്വഹാബാക്കൾക്ക് യാഥാർഥ്യം ബോധ്യപെടുകയും അവർ അനിയന്ത്രിതമായി കരയുകയും ചെയ്തു. ഹദ്റത്ത് ഉമർ[റ] പറയുന്നു: ഹദ്റത്ത് അബൂബക്കർ വിശുദ്ധ ഖുർആനിലെ ആയത്തുകൾ മുഖേന നബി[സ]യുടെ മരണം സ്ഥാപിച്ചപ്പോൾ ആ രണ്ടു ആയത്തുകളും അന്നേ ദിവസമാണ് ഇറങ്ങിയത് എന്നെനിക്ക് തോന്നിപ്പോയി. എന്റെ കാൽമുട്ടുകൾക്ക് എന്നെ പിടിച്ച് നിറുത്താനുള്ള കഴിവുണ്ടായിരുന്നില്ല. എന്റെ കാലുകൾ തളർന്നു. ഞാൻ അനിയന്ത്രിതമായ, ശക്തമായ സങ്കടം കാരണം നിലത്തുവീണു. *(ദഅ്വത്തുൽ അമീർ, അൻവാറുൽഉലൂം വാല്യം 7, പേജ് 345-347)*

മുസ്‌ലിംകൾക്കിടയിൽ ഉണ്ടായ ഈ ആദ്യത്തെ ഇജ്മാഅ് അഥവാ ഏകോപിച്ച അഭിപ്രായത്തെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു: നബി[സ]തിരുമേനിക്കു മുമ്പേവന്ന എല്ലാ പ്രവാചകന്മാരും മരിച്ചുപോയിരിക്കുന്നു. അതിൽ ഈസാ നബിയും ഉൾപ്പെടുന്നു. നബി[സ] തിരുമേനിയുടെ വഫാത്തിൽ മുസ്‌ലിമീങ്ങൾ പരിഭ്രമിച്ചു. ഈ വേദന അവർക്ക് അസഹനീയമായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ ഈ പരിഭ്രമാവസ്ഥയിൽ വാൾ ഊരിപ്പിടിച്ച് കൊണ്ട് പറഞ്ഞു: 'ആരെങ്കിലും നബി[സ]തിരുമേനി മരിച്ചു എന്ന് പറഞ്ഞാൽ ഞാൻ അവന്റെ തല കൊയ്യുന്നതാണ്. നബി[സ]തിരുമേനി വഫാത്തായിട്ടില്ല. മറിച്ച് ഹദ്റത്ത് മൂസയെ പോലെ അല്ലാഹുവിനെ കാണാൻ പോയതാണ്. ഇനി തിരിച്ച് വരികയും മുനാഫിഖീങ്ങളെ ഇല്ലാതാക്കുകയും പിന്നീട് വഫാത്താവുകയും ചെയ്യുന്നാതാണ്. അതായത് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ മുനാഫിഖീങ്ങൾ ഇല്ലാതാകുന്നതുവരെയും നബി[സ] തിരുമേനി വഫാത്താകുന്നതല്ല. നബി[സ] തിരുമേനിയുടെ വഫാത്തുവരെയും മുനാഫിഖീങ്ങൾ ഉണ്ടായിരുന്നത് കൊണ്ട് അദ്ദേഹം മനസ്സിലാക്കിയത് നബി[സ]തിരുമേനി വഫാത്തായിട്ടില്ലെന്നാണ്. ഹദ്റത്ത് അബൂബക്ർ ആ സമയത്ത് മദീനക്ക് പുറത്ത് ഒരു ഗ്രാമത്തിൽ പോയതായിരുന്നു. തിരിച്ചുവന്ന് നബി[സ]തിരുമേനിയുടെ വീട്ടിലേക്കു പോയി. നബി[സ]തിരുമേനിയുടെ പരിശുദ്ധ ശരീരം കണ്ടു. നബി[സ] തിരുമേനി യഥാർഥത്തിൽ മരണപ്പെട്ടിരുന്നു എന്ന് മനസ്സിലാക്കി. അങ്ങനെ അദ്ദേഹം തിരിച്ചുവന്നു. ഇങ്ങനെ പ

റഞ്ഞു: 'അല്ലാഹു നബി(സ)തിരുമേനിക്ക് രണ്ടു മരണം നൽകുന്നതല്ല. ഒന്ന് ശാരീരികമായ മരണം. രണ്ടാമത്തേത് ആത്മീയമായ മരണമാണ്. അതായത് നബി(സ)തിരുമേനിയുടെ വഫാത്തോടുകൂടി മുസ്‌ലിമീങ്ങൾ വഴിപിഴക്കുക. പിന്നെ അദ്ദേഹം നേരെ സ്വഹാബാക്കൾ ഒരുമിച്ചു കൂടിയിരുന്നിടത്തേക്ക് പോയി. ജനങ്ങളോട് പറഞ്ഞു: 'എനിക്ക് കുറച്ച് പറയാനുണ്ട്. ഹദ്റത്ത് ഉമർ ഊരിയ വാളുമായി നിൽക്കുകയാണ്. ആരെങ്കിലും മുഹമ്മദ് റസൂലുല്ലാഹ് വഫാത്തായെന്ന് പറഞ്ഞാൽ ഞാൻ അവനെ വധിക്കുന്നതാണ്. ഹദ്റത്ത് അബൂബക്ർ എഴുന്നേറ്റ് ജനങ്ങളോട് അതേ കാര്യം തന്നെയാണ് പറഞ്ഞത്. അതായത്, **വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ് ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ അഫഇൻമ്മാത്ത ഔ ഖുത്തിലൻഖലബ്ത്തും അലാ അഅ്ഖാബിക്കും വമൻ യ്യൻഖലിബ് അലാ അഖിബയ്ഹി ഫലൻയ്യളുർറല്ലാഹ ശയ്അൻ വസയജ്സില്ലാഹുശ്ശാക്കിരീൻ**(3:145) **യാ അയ്യുഹന്നാസ്!മൻകാന യഅ്ബുദു മുഹമ്മദൻ സ്വല്ലല്ലാഹു അലയ്ഹിവസല്ലമ ഫഇന്ന മുഹമ്മദൻ ഖദ് മാത്ത വമൻകാന യഅ്ബുദുല്ലാഹ ഫഇന്നല്ലാഹ ഹയ്യുൻ ലായമൂത്തു.**

മുഹമ്മദ് ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ റസൂൽമാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുകയോ? ഏതൊരാൾ തന്റെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരുദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ്.

അല്ലയോ ജനങ്ങളേ! നിങ്ങളിൽ വല്ലവനും മുഹമ്മദിനെ ആരാധിച്ചിരുന്നുവെങ്കിൽ നിശ്ചയം മുഹമ്മദ് മരണപ്പെട്ടിരിക്കുന്നു. വല്ലവനും അല്ലാഹുവിനെ ആരാധിച്ചിരുന്നുവെങ്കിൽ നിശ്ചയം അല്ലാഹു ജീവിച്ചിരിപ്പുണ്ട്. അവൻ മരിക്കുകയില്ല.

ഹദ്റത്ത് ഉമർ(റ) പറയുന്നു: ഹദ്റത്ത് അബൂബക്ർ വിശുദ്ധ ഖുർആനിലെ ഈ ആയത്ത് ഓതിയപ്പോൾ എന്റെ കണ്ണുകൾ തുറന്നു. ഈ ആയത്ത് അപ്പോൾ അവതരിച്ചതായിട്ടാണ് എനിക്ക് തോന്നിയത്. നബി(സ) തിരുമേനി വഫാത്തായി എന്നെനിക്ക് ബോധ്യമായി. എന്റെ കാലുകൾ വിറയ്ക്കാൻ തുടങ്ങി. ഞാൻ നിലത്ത് വീണുപോയി.*(ദഅ്വത്തുൽ അമീർ, അൻവാറുൽഉലും വാല്യം 7, പേജ് 345-347)*

ഇത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: സ്വഹാബാക്കളുടെ ഒരേയൊരു ഇജ്മാഅ ഇതു മാത്രമാണ്. ആ നേരത്ത് എല്ലാ സ്വഹാബാക്കളും സന്നിഹിതരായിരുന്നു. അത്തരം ഒരു സമയം മുസ്‌ലിമീങ്ങൾക്ക് ഒരിക്കലും വന്നിട്ടുണ്ടായിരുന്നില്ല. പിന്നെ മുസ്‌ലിമീങ്ങൾ ഒരിക്കലും ഇങ്ങനെ ഒരുമിച്ച് കൂടിയിട്ടുമില്ല. ആ ഒത്തുകൂടിയ സന്ദർഭത്തിൽ ഹദ്റത്ത് അബൂബക്ർ(റ) ഈ ആയത്ത് പാരായണം ചെയ്തു. അതായത് മുഹമ്മദ്(സ)അല്ലാഹുവിന്റെ ഒരു പ്രാവാചകൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പേ വന്ന അല്ലാഹുവിന്റെ പ്രവാചകൻമാരെല്ലാം മരണപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അദ്ദേഹം മരണപ്പെടുന്നതിൽ ആശ്ചര്യത്തിന് വകയില്ല. എല്ലാ സ്വഹാബാക്കളും അദ്ദേഹത്തോടൊപ്പം ഐക്യപ്പെടുകയാണ് ചെയ്തത്. *(മസ്അലയെ വഹ്‌യ് വ നുബുവ്വത്ത് കെ മുത്തഅല്ലിഖ് ഇസ്‌ലാമീ നള്‌രിയ്യ, അൻവാറുൽഉലൂം വാല്യം 23 പേജ് 327-328)*

ഹദ്റത്ത് മസീഹ് മൗഊദും(അ) ഇതേകാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്ർ(റ)നെ ഉദ്ധരിച്ച് പറയുന്നു: 'ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഈ ഉമ്മത്തിനുമേലുള്ള വലിയ ഒരു ഔദാര്യം-അതിന് നന്ദി പ്രകടിപ്പിക്കാൻ സാധ്യമല്ല-അദ്ദേഹം എല്ലാ സ്വഹാബാക്കളെയും(റ.ഹും) മസ്ജിദ് നബവിയിൽ ഒരുമിച്ചുകൂട്ടി ഈ ആയത്ത് അതായത്, മുമ്പേ വന്ന പ്രവാചകന്മാരെല്ലാം മരണപ്പെട്ടിരിക്കുന്നു വെന്നകാര്യം കേൾപ്പിച്ചില്ലായിരുന്നുവെങ്കിൽ ഈ സമുദായം നാശമടഞ്ഞേനെ! കാരണം അത്തരം ഒരവസ്ഥയിൽ ഇക്കാലഘട്ടത്തിലെ കുഴപ്പക്കാരായ പണ്ഡിതന്മാർ ഹദ്റത്ത് ഈസാ(അ) ജീവിച്ചിരിക്കുന്നുവെന്നും സ്വഹാബാക്കൾക്കും അതെ അഭിപ്രായമായിരുന്നുവെന്നും പറയുമായിരിന്നു. എന്നാൽ, സിദ്ദീഖെ അക്ബർ മുകളിൽ പ്രതിപാദിച്ച ആയത്ത് സമർപ്പിച്ചതിൽനിന്ന് എല്ലാ സ്വഹാബാക്കളുടെയും ഐകകണ്ഠ്യേനയുള്ള അഭിപ്രായം എല്ലാ പ്രാവാചകന്മാരും മരിച്ചുപോയി എന്നായി. മറിച്ച് ഈ ഇജ്മാഅ്നെ സംബന്ധിച്ച് കവിതകളുമുണ്ടാക്കി. അബൂബക്റിന്റെ ആത്മാവിനുമേൽ ആയിരമായിരം അനുഗ്രഹങ്ങൾ വാർഷിക്കുമാറാകട്ടെ. അദ്ദേഹം എല്ലാ ആത്മാക്കളേയും നാശത്തിൽനിന്ന് രക്ഷിച്ചു. ഈ ഇജ്മായിൽ എല്ലാ സ്വഹാബാക്കളും ഭാഗഭാക്കായിരുന്നു. ഒരാൾപോലും അതിൽനിന്നു പുറത്തായില്ല. ഇത് സ്വഹാബാക്കളുടെ ആദ്യത്തെ ഇജ്മാഅ് ആയിരുന്നു. വളരെ കൃതജ്ഞതാർഹമായ നടപടിയായിരുന്നു.

ഹദ്റത്ത് അബൂബകറും(റ) മസീഹ് മൗഊദും തമ്മിൽ ഒരു സാദൃശ്യമുണ്ട്. അതെന്താണെന്നാൽ അല്ലാഹുവിന്റെ വാഗ്ദാനം വിശുദ്ധ ഖുർആനിൽ രണ്ടുപേരെ സംബന്ധിച്ചും ഇങ്ങനെ വന്നിരിക്കുന്നു. ഒരു ഭയാനകമായ അവസ്ഥ ഇസ്‌ലാമിനുമേൽ വരികയും മതപരിത്യാഗത്തിന്റെ പരമ്പര ആരംഭിക്കുകയും ചെയ്യുമ്പോൾ അവർ വെളിപ്പെടുന്നതാണ്. ആകയാൽ ഹദ്റത്ത് അബൂബക്റിന്റേയും മസീഹ് മൗഊദിന്റേയും കാലഘട്ടത്തിൽ അങ്ങനെ തന്നെ സംഭവിച്ചു. അതായത് ഹദ്റത്ത് അബൂബക്റിന്റെ സമയത്ത് നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം നൂറു കണക്കിന് ജാഹിലീങ്ങളായ അറബികൾ മുർത്തദ്ദായി. കേവലം രണ്ടു മസ്ജിദുകളിൽ മാത്രമായിരുന്നു നമസ്കാരമുണ്ടായിരുന്നത്. ഹദ്റത്ത് അബൂബക്ർ(റ) വീണ്ടും അവരെ ഇസ്‌ലാമിൽ നിലനിറുത്തി. അതെപോലെ തന്നെ മസീഹ് മൗഊദിന്റെ കാലത്തും ലക്ഷക്കണക്കിന് ആളുകൾ ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായി ക്രിസ്ത്യാനികളായി മാറിയിരുന്നു. ഈ രണ്ട് അവസ്ഥകളും വിശുദ്ധ ഖുർആനിൽ പ്രവചനം എന്ന നിലക്ക് പരാമർശിച്ചിട്ടുണ്ട്.' *(ബറാഹീനെ അഹ്‌മദിയ്യ, ഭാഗം 5. റൂഹാനീ ഖസാഇൻ വാല്യം 21, പേജ് 285-286, അടിക്കുറിപ്പ്)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്തിനെ സംബന്ധിച്ച് ഇങ്ങനെ വന്നിട്ടുണ്ട്. സ്വഹാബാക്കൾക്ക് നബി(സ)തിരുമേനി വഫാത്തായെന്ന് അറിവ് കിട്ടിയപ്പോൾ അൻസ്വാർ സഖീഫ ബനീ സായിദയിൽ ഒരുമിച്ചുകൂടി. ഈ ഒരുമിച്ച് കൂടലിൽ ഖിലാഫത്തിനെ സംബന്ധിച്ച് ചർച്ച നടന്നു. അൻസ്വാർ, ഖസ്റജ് ഗോത്ര നേതാവ് സഅ്ദ് ബിൻ ഉബാദയുടെ ചുറ്റും സമ്മേളിക്കുകയുണ്ടായി.*(സയ്യിദുനാ അബൂബക്ർ(റ)ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് സ്വലാബീ പേജ് 174)*

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)ആ ദിവസങ്ങളിൽ രോഗബാധിതനായിരുന്നു. അദ്ദേഹം അൻസ്വാറിന്റെ ത്യാഗങ്ങളെയും ഇസ്‌ലാമിക സേവനങ്ങളെയും വിശദമായി പരാമർശിച്ചുകൊണ്ട് അവരാണ് ഖിലാഫത്തിന്റെ അവകാശികളെന്ന് പ്രഖ്യാപിച്ചു. എന്നാൽ, അൻസ്വാർ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെതന്നെ ഖിലാഫത്തിന് അനുയോജ്യനാണെന്നു തീരുമാനിച്ചു. പക്ഷേ, അൻസ്വാർ അദ്ദേഹത്തിന് ബയ്അത്ത് ചെയ്തിട്ടുണ്ടായിരുന്നില്ല. അപ്പോൾ അവരിൽനിന്ന് തന്നെയുള്ള ഒരാൾ ചോദിച്ചു: മുഹാജിരീങ്ങൾ ഇദ്ദേഹത്തിന് ബയ്അത്ത് ചെയ്തില്ലെങ്കിൽ എന്താണ് സംഭവിക്കുക? അപ്പോൾ വേറൊരാൾ അഭിപ്രായപ്പെട്ടത് ഒരാൾ അൻസ്വാറിൽ നിന്നും ഒരാൾ മുഹാജിരീങ്ങളിൽ നിന്നും ഖലീഫയാകട്ടെ എന്നായിരുന്നു. എന്നാൽ, ഹദ്റത് സഅ്ദ് ബിൻ ഉബാദ അത് ബനൂ ഔസിന്റെ ദൗർബല്യമാണെന്ന് പറയുകയുണ്ടായി. അൻസ്വാർ സഖീഫ ബനൂ സായിദയിൽ ഖിലാഫത്തിനെ സംബന്ധിച്ച് ചർച്ച നടത്തി കൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ), ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് തുടങ്ങി മറ്റു ഉന്നതരായ സ്വഹാബാക്കൾ മസ്ജിദ് നബവിയിൽ നബി തിരുമേനിയുടെ വിയോഗത്തിൽ വലിയ ദുഖത്തെ സംബന്ധിച്ചുള്ള ചർച്ചയിലായിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖും ഹദ്റത്ത് അലിയും മറ്റു അഹ്‌ലെ ബയ്അത്തുകാരും നബി(സ) തിരുമേനിയെ കുളിപ്പിക്കുന്നതിനും മറ്റുമുള്ള കാര്യ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ങ്ങളിൽ വ്യാപൃതരുമായിരുന്നു. ആർക്കും ഖിലാഫത്തിനെ സംബന്ധിച്ചുള്ള ചിന്ത യില്ലായിരുന്നു. അൻസ്വാർ ഈ വിഷയത്തിൽ ആലോചിക്കുന്നതിനുവേണ്ടി ഒരുമിച്ച് കൂടി അൻസ്വാറിൽനിന്ന് ഒരാളെ അമീറായി തിര ഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നുവെന്നും അറി യില്ലായിരുന്നു.*(സ്വദ്ദീഖെ അക്ബർ, മുഹ മ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം അഞ്ചും സുൽത്വാൻ ശഹ്ബാസ്, പേജ് 85 -86, ശിർക്കത്ത് പ്രിന്റിംഗ് പ്രസ്സ്, ലാഹോർ)*

ത്വബഖാത്തുൽ കുബ്റയിൽ എഴു തിയിരിക്കുന്നു: ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് അബുഉബയ്ദ ബിൻ ജർറാഹിന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു: കൈ നീട്ടിയാലും! ഞാൻ താങ്കൾക്ക് ബയ്അത്ത് ചെയ്യട്ടെ. നബി(സ)തിരു മേനിയുടെ പരിശുദ്ധ അധരത്താൽ താങ്കളെ ഉമ്മത്തിന്റെ അമീൻ എന്ന് പ്രഖ്യാപിച്ചതാണ്. അപ്പോൾ ഹദ്റത്ത് അബുഉബയ്ദ, ഹദ്റത്ത് ഉമറിനോട് പറഞ്ഞു: 'ഞാൻ ഇസ്‌ലാം സ്വീ കരിച്ചതു മുതൽ ഇതിന് മുമ്പേയൊരിക്കലും താങ്കളിൽ ഇത്രമാത്രം അശ്രദ്ധാപരമായ കാര്യം കണ്ടിട്ടില്ല. താങ്കൾ എനിക്കാണോ ബയ്അത്ത് ചെയ്യുന്നത്? നിങ്ങളിൽ സിദ്ദീഖും ഥാനിഥ്ന യ്നൻ അതായത് ഹദ്റത്ത് അബൂബക്റും ഉണ്ടുതാനും!*(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 135, ദിക്റു ബയ്അത്ത് അബീ ബക്ർ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് ലബ്നാൻ 1990)*

ഈ സംസാരത്തിനിടയിൽ അൻസ്വാർ ഒരുമിച്ച് കൂടിയതായി അവർക്ക് അറിവ് ലഭിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് അബൂബക്റിന് അകത്തേക്ക് സന്ദേശം കൊടുത്തുകൊണ്ട് ഒരു പ്രധാന കാര്യമുണ്ടെന്ന് പറഞ്ഞു വിളിക്കുകയുണ്ടായി ഹദ്റത്ത് അബൂബക്ർ(റ) കുളിപ്പിക്കുന്നതിന്റേയും മറ്റും തിരക്കുപറഞ്ഞ് പുറത്തേക്ക് വരാൻ വിസമ്മ തം അറിയിച്ചു. ഹദ്റത്ത് ഉമർ വീണ്ടും സന്ദേശം അയച്ചു. ഒരു സത്വര ശ്രദ്ധ പ തിയേണ്ട കാര്യമുണ്ടായിരിക്കുന്നു. അതിന് താങ്കളുടെ സാന്നിധ്യം അനിവാര്യമാണ്. അപ്പോൾ ഹദ്റത്ത് അബൂബക്ർ പുറത്തുവന്ന് ഉമറിനോട് ചോദിച്ചു: നബി(സ)തിരുമേനിയുടെ മയ്യിത്ത് സംസ്കരണത്തെക്കാൾ വലിയ എന്ത് ജോലിക്കാണ് താങ്കൾ എന്നെ വിളിപ്പിച്ചത്? ഹദ്റത്ത് ഉമർ പറഞ്ഞു: അൻസ്വാർ സഖീഫ ബനൂ സായിദയിൽ ഒരുമിച്ചുകൂടിയിരിക്കു ന്നു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെ ഖലീ ഫയാക്കാൻ ആഗ്രഹിക്കുന്നുവെന്ന് താങ്കൾക്ക് അറിയുമോ? അവരിലൊരാൾ പറഞ്ഞു: 'ഒരു അമീർ നമ്മളിൽനിന്നും ഒരു അമീർ ഖുറയ് ശികളിൽ നിന്നും ആയിക്കൊള്ളട്ടെ. ഇതുകേ ട്ടതും ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ഹദ്റത്ത് ഉമറിനോടും ഹദ്റത്ത് അബൂഉ ബയ്ദയോടുമൊപ്പം സഖീഫ ബനൂ സായി ദയിലെത്തി. അവിടെ അപ്പോൾ ചർച്ച നട ക്കുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖും ഹദ്റത്ത് ഉമറും ഹദ്റത്ത് അബൂഉ ബയ്ദയും അവരുടെ ഇടയിൽ പോയിരുന്നു. *(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 86 -87, ശിർക്കത്ത് പ്രിന്റിംഗ് പ്രസ്സ് ലാഹോർ) (സയ്യിദുനാ സിദ്ദീഖെ അക്ബർ, അൽഹാജ് ഹക്കീം ഗുലാം നബി പേജ്72-73, പ്രസാ ധകർ അദബിയാത്ത് ലാഹോർ)*

ഒരു നിവേദനത്തിലുണ്ട്: ഹദ്റത്ത് ഉമർ(റ) പറയുന്നു, 'ഞങ്ങൾ അൻസ്വാറിന്റെ അടു ത്തേക്ക് പുറപ്പെട്ടു. ഞങ്ങൾ അവരുടെയടു ക്കൽ എത്താറായപ്പോൾ ഉവയിം ബിൻ സയിദ്, മഅ്ൻ ബിൻ അദിയ്യ് എന്നീ രണ്ടു സ്വാലിഹീങ്ങളെ കണ്ടുമുട്ടി. അവരിരുവരും അൻസ്വാറിന്റെ പദ്ധതിയെ കുറിച്ച് അവർക്ക് അറിയിപ്പ് നൽകിക്കൊണ്ട് ചോദിച്ചു: നിങ്ങൾ എവിടേക്കാണ് പോകുന്നത്? അവർ പ റഞ്ഞു: ഞങ്ങൾ ഞങ്ങളുടെ അൻസ്വാർ സഹോദരങ്ങളുടെ അടുത്തേക്കാണ് പോകു ന്നത്. അദ്ദേഹം പറഞ്ഞു: 'അവരുടെ അടു ത്തേക്ക് പോകേണ്ട കാര്യമില്ല. നിങ്ങൾതന്നെ കാര്യം തീരുമാനിക്കുകയാണ് നല്ലത്.' പ റയുന്നു: ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! ഞങ്ങൾ അവരുടെ അടുത്ത് പോകുകതന്നെ ചെയ്യും.'*(സ്വഹീഹ് ബുഖാരി, കിതാബുൽഹു ദൂദ്, ഹദീഥ് 6830)*

അങ്ങനെ അവർ പോകുകയും ചെയ്തു. ഹദ്റത്ത് ഉമർ വിവരിക്കുന്നു: ഞങ്ങൾ അൻസ്വാറിന്റെ അടുത്തെത്തി. അവിടെ അൻസ്വാറിനു മുമ്പിൽ വിവരിക്കുന്നതിനു വേണ്ടി ഞാനൊരു വിഷയം മനസ്സിൽ ക്രമീ കരിച്ചിട്ടുണ്ടായിരുന്നു. ഞാൻ അവരുടെ അടുക്കലെത്തി സംസാരിക്കുന്നതിനുവേണ്ടി മുന്നോട്ട് വന്നപ്പോൾ ഹദ്റത്ത് അബുബക്ർ എന്നോട് പറഞ്ഞു: 'നിൽക്കൂ! ഞാൻ ഒരു കാര്യം പറയട്ടെ. അതിനു ശേഷം താങ്കൾ ആഗ്രഹിക്കുന്നതെന്തും പറഞ്ഞു കൊള്ളുക.' പിന്നെ ഹദ്റത്ത് അബുബക്ർ സംസാരിച്ചു തുടങ്ങി. ഞാൻ പറയാൻ ആഗ്രഹിച്ചിരുന്നതും ഹദ്റത് അബുബക്കർ വിവരിക്കുകയുണ്ടായി. മറിച്ച് അതിനേക്കാളും കൂടുതൽ അദ്ദേഹം പ റഞ്ഞു.' *(താരീഖ് അത്ത്വബരി, വാള്യം 2, പേ ജ് 242, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ് റൂത്ത് 1987)*

ഹദ്റത്ത് അബുബക്ർ ചെയ്ത പ്രഭാഷണത്തിന്റെ സംക്ഷിപ്തം ഇങ്ങനെ യാണ്: അബ്ദുല്ലാഹ് ബിൻ അബ്ദുർറഹ്മാൻ നിവേദനം. ഹദ്റത്ത് അബുബക്ർ പ്രഭാഷണം ആരംഭിച്ചു. അല്ലാഹുവിനെ സ്തുതിച്ചതിനും വാഴ്ത്തിയതിനും ശേഷം പറഞ്ഞു: 'തീർ ച്ചയായും അല്ലാഹു തന്റെ സൃഷ്ടികളിലേക്ക് മുഹമ്മദ്(സ)നെ പ്രവാചകനായും തന്റെ ജനതയുടെ മേൽനോട്ടക്കാരനായും അയച്ചി രിക്കുന്നു; അങ്ങനെ അവർ അല്ലാഹുവിനെ ആരാധിക്കാനും അവന്റെ തൗഹീദ് പ്രഖ്യാ പിക്കുന്നതിനുംവേണ്ടി. വാസ്തവത്തിൽ ഇതി നുമുമ്പേ അവർ അല്ലാഹുവിനു പുറമെ വ്യത്യ സ്ത ആരാധ്യരെ ആരാധിക്കുന്നവരായി രുന്നു.' പറയുന്നു: ഈ ആരാധ്യർ അല്ലാഹു വിന്റെ സവിധത്തിൽ അവർക്കുവേണ്ടി ശിപാർശ ചെയ്യുമെന്നും പ്രതിഫലം നൽകു മെന്നും അവർ കരുതിയിരുന്നു. വാസ്തവ ത്തിൽ അവ കല്ലുകൊണ്ട് കൊത്തി ഉണ്ടാക്കി യവയോ മരംകൊണ്ട് ഉണ്ടാക്കപ്പെട്ടവയോ ആയിരുന്നു. തുടർന്ന് ഹദ്റത്ത് അബുബക്ർ ഈ ആയത്ത് പാരായണം ചെയ്തു: **വ യഅ് ബുദൂന മിൻദൂനില്ലാഹി മാലാ യളുർറുഹും വലാ യൻഫഉഹും വ യഖൂലൂന ഹാ ഉലാഇ ശുഫആഉനാ യിൻദല്ലാഹി**(10:19)തങ്ങൾ ക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്തവയെ അല്ലാഹുവിനു പുറമെ അവർ ആരാധിക്കുന്നു. അല്ലാഹുവിന്റെ അടുത്ത് ഞങ്ങളുടെ ശിപാർശ ക്കാരാണിവർ.' **മാ നഅ്ബുദുഹും ഇല്ലാ ലിയു ഖർരിബൂനാ ഇലല്ലാഹി സുൽഫാ**(39:4)അ വർ ഞങ്ങളെ അല്ലാഹുവിലേക്ക് നല്ലവണ്ണം അടുപ്പിക്കാൻവേണ്ടിയല്ലാതെ ഞങ്ങൾ അവ രെ ആരാധിക്കുന്നില്ല

അറബികളെ സംബന്ധിച്ചിടത്തോളം തങ്ങ ളുടെ പൂർവപിതാക്കളുടെ ദീൻ ഉപേക്ഷി ക്കുന്നത് അവർക്ക് പ്രയാസകരമായി അനുഭ വപ്പെട്ടു. ഈ ആയത്തുകൾ പാരായണം ചെയ് തുകൊണ്ട് അറബികൾക്ക് തങ്ങളുടെ പൂർ വ പിതാക്കളുടെ ദീൻ ത്യജിക്കുന്നതിൽ അസ്വ സ്ഥത ഉണ്ടായിരുന്നു. അങ്ങനെ അല്ലാഹു നബി(സ)തിരുമേനിയുടെ സമൂഹത്തിൽനിന്ന് ആദ്യകാല മുഹാജിരീങ്ങളെ നബി(സ)തിരു മേനിയെ സത്യപ്പെടുത്തുന്നതിനുവേണ്ടിയും നബി(സ)തിരുമേനിയിൽ വിശ്വസിക്കുന്നതിനു വേണ്ടിയും നബി(സ)തിരുമേനിക്ക് സാന്ത്വനം നൽകാൻ വേണ്ടിയും നബി(സ)തിരുമേനി യെ സ്വന്തം ജനത ഉപദ്രവിക്കുകയും കളവാ ക്കുകയും ചെയ്യുന്ന സമയത്ത് കൂടെ നിൽ ക്കുന്നതിനുവേണ്ടി പ്രത്യേകമായി തിരഞ്ഞെ ടുക്കുകയുണ്ടായി. ഹദ്റത്ത് അബൂബക്ർ പ റഞ്ഞു: 'വാസ്തവത്തിൽ എല്ലാ ജനങ്ങളും നബി(സ)തിരുമേനിക്ക് എതിരായിരുന്നു. നബി(സ) തിരുമേനിയെ ദ്രോഹിച്ചിരുന്നു. എന്നാൽ, തങ്ങൾ വളരെ കുറഞ്ഞ പേരായിരുന്നിട്ടും എല്ലാവരും ദ്രോഹിക്കുകയും സ്വന്തം ജന ത നബി(സ)തിരുമേനിക്ക് എതിരിൽ ആയിരു ന്നിട്ടും അദ്ദേഹമൊരിക്കലും ഭയപ്പെട്ടില്ല. അവർ ഭൂമിയിൽ അല്ലാഹുവിനെ ആരാധി ക്കുകയും അല്ലാഹുവിലും റസൂലിലും വിശ്വ സിക്കുന്നവരിൽ പ്രഥമന്മാരുമായിരുന്നു. അവർ നബി(സ)തിരുമേനിയുടെ സുഹൃത്തുക്കളും കുടുംബക്കാരുമായിരുന്നു. നബി(സ)തിരുമേനി കഴിഞ്ഞാൽ ജനങ്ങളിൽ ഈ സ്ഥാനത്തിന് ഏറ്റവും അർഹരുമായിരുന്നു. ഈ കാര്യത്തിൽ ദ്രോഹികളല്ലാതെ മറ്റാരും തന്നെ അവരുമായി വഴക്കു കൂട്ടുന്നതല്ല. അല്ലയോ അൻസ്വാർ! നിങ്ങൾക്ക് ദീനിലുള്ള ശ്രേഷ്ഠതയെയും ഇസ് ലാമിൽ മുൻകടന്നതിനെയും സംബന്ധിച്ച് നിഷേധിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ ദീനിന്റേയും അവന്റെ റസൂലിൻന്റേയും സഹാ യികളായതുകൊണ്ട് അല്ലാഹു നിങ്ങളിൽ തൃപ്തിപ്പെട്ടിരിക്കുന്നു. അവൻ അല്ലാഹുവിന്റെ റസൂലിന്റെ പലായനം നിങ്ങളിലേക്കാണ് ആക്കിയത്. നബി(സ)തിരുമേനിയുടെ ഭൂരിഭാ ഗം സഹധർമണികളും സഹചരരും നിങ്ങൾ ക്കിടയിലാണ് വസിക്കുന്നത്. ആദ്യകാല മു ഹാജിരീങ്ങൾക്കു ശേഷം ഞങ്ങളുടെ വീക്ഷ ണത്തിൽ നിങ്ങളുടെ സ്ഥാനത്ത് ആരുമില്ല.

അമീർ ഞങ്ങളിൽ നിന്നായിരിക്കും. നിങ്ങൾ സഹായികളായിരിക്കും. എല്ലാ പ്രധാ ന കാര്യങ്ങളിലും നിങ്ങളുമായി കൂടിയാ ലോചിക്കുന്നതാണ്. നിങ്ങളെക്കൂടാതെ സുപ്ര ധാനമായ ഒരു കാര്യത്തിലും തീരുമാനം എടു ക്കുന്നതുമല്ല. *(താരീഖ് അത്ത്വബരി, വാള്യം 2, പേജ് 242-243, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1987)*

ഹദ്റത്ത് അബൂബക്ർ(റ), സഖീഫ ബനു സായിദയിൽ ചെയ്ത പ്രസംഗത്തെ സംബ ന്ധിച്ച് സീറത്ത് ഹൽബിയയിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: അദ്ദേഹം പറ ഞ്ഞു; അമ്മാ ബഅ്ദ്, ഖിലാഫത്തിനെ സംബ ന്ധിച്ചിടത്തോളം അറബികൾ ഖുറയ്ശികളെ അല്ലാതെ മറ്റൊരു ഗോത്രത്തെയും സ്വീക രിക്കുന്നതല്ല. ഖുറയ്ശികൾ തങ്ങളുടെ കുല മഹിമയുടെ അടിസ്ഥാനത്തിലും തങ്ങളുടെ നാടിന്റെ കാര്യത്തിലും മക്കയിലേറ്റവും ശ്രേ ഷ്ഠരും ഉന്നതരുമാകുന്നു. ഞങ്ങൾ കുടുംബപ

ശേഷം പേജ് 11ൽ

പേജ് 5 ൽ നിന്ന്

ള്ളൂ.' *(തഫ്സീറെ കബീർ വാല്യം 8, പേജ് 468)*

ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്തു കാലം നാലു ഖുലഫാഉർറാശിദീങ്ങളിലും ഹ്രസ്വമായിരുന്നു. അതു ഏകദേശം രണ്ടേകാൽ വർഷമായിരിന്നു. എന്നാൽ, ഈ ചെറിയ ഖിലാഫത്തെ റാശിദായുടെ കാലഘട്ടം വളരെ സുപ്രധാനവും സുന്ദരവുമായ കാലഘട്ടമെന്ന പറയാൻ അർഹതയുള്ളതാണ്. കാരണം ഹദ്റത്ത് അബൂബക്ർ(റ)നു ഏറ്റവുമധികം ഭയങ്കരവും പ്രായസഭരിതവുമായ കാര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നു. പിന്നെ അല്ലാഹുവിൽനിന്ന് അനിതരസാധാരണമായ പിന്തുണയുടേയും സഹായത്തിന്റേയും അനുഗ്രഹത്തിന്റേയും ഫലമായി ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഉന്നതമായ ധൈര്യവും ധീരതയും ഉൾക്കാഴ്ചയും തിരിച്ചറിവും മുഖേന കുറഞ്ഞ കാലഘട്ടമായിരുന്നിട്ടുകൂടി ഭയാനകമായ എല്ലാ മേഘങ്ങളും മാറ്റപ്പെട്ടു. എല്ലാ ഭയവും സമാധാനത്തിലേക്ക് മാറി. കലാപകാരികളേയും ധിക്കാരികളേയും ഇല്ലാതാക്കി. ഖിലാഫത്തിന്റെ ചാഞ്ചാടിക്കൊണ്ടിരുന്ന നേതൃത്വത്തെ ശക്തവും സുഭദ്രവുമായ അടിത്തറയിൽ നിലനിറുത്തി,

ഖിലാഫത്തിന്റെ ആരംഭത്തിൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന് അഭിമുഖീകരിക്കേണ്ടി വന്ന അപായങ്ങളെയും പ്രയാസങ്ങളെയും വിവരിച്ചുകൊണ്ട് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആഇശ(റ) പറയുന്നതിനെ അനുസ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദ്റത്ത് ആഇശ(റ)യിൽ നിന്നുള്ള നിവേദനം. അവർ പറയുന്നു: എന്റെ പിതാവിനെ ഖലീഫ ആക്കിയപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ ഖിലാഫത്തിനെ അനുഗ്രഹപൂർണമാക്കി. ഖിലാഫത്തിന്റെ ആരംഭത്തിൽത്തന്നെ അദ്ദേഹം എല്ലാ ഭാഗത്തുനിന്നുമുള്ള ഫിത്നകളുടെ തിരമാലകളേയും കള്ളപ്രവാചകന്മാരുടെ പ്രവാചകത്വ തിരക്കുകളേയും മുനാഫിഖീങ്ങളുടെയും മുർത്തദ്ദുകളുടെയും കലാപങ്ങളും അദ്ദേഹം കണ്ടു. അദ്ദേഹത്തിനുമേൽ പതിച്ച പ്രയാസങ്ങൾ ഒരു പർവതത്തിനുമേലാണ് ഇറങ്ങിയതെങ്കിൽ അത് ഭൂമിയോട് നിരപ്പാകുമായിരുന്നു. ഉടൻതന്നെ അത് തവിടുപൊടി ആകുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന് പ്രവാചകന്മാരുടേതുപോലുള്ള ക്ഷമ നൽകപ്പെട്ടു. എത്രത്തോളമെന്നാൽ അല്ലാഹുവിന്റെ സഹായമെത്തി കള്ള പ്രവാചകൻ കൊല്ലപ്പെട്ടു. മതം ഉപേക്ഷിച്ചുപോയവർ നശിപ്പിക്കപ്പെട്ടു. കള്ള പ്രവാചകൻ കൊല്ലപ്പെടുകയും മുർതദ്ദീങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തു. കുഴപ്പങ്ങൾ അകറ്റപ്പെട്ടു. ഭയത്തിന്റെ അവസ്ഥ സമാധാനത്തിലേക്ക് മാറി. അല്ലാഹു അവരുടെ ദീനിന് പ്രബലത നൽകി. ഒരു ലോകത്തെതന്നെ സമാധാനത്തിൽ നിലനിറുത്തി. കുഴപ്പക്കാരുടെ മുഖം കരുവാളിച്ചു. തന്റെ വാഗ്ദാനം പൂർത്തിയാക്കി. തന്റെ ദാസനായ ഹദ്റത്ത് അബൂബക്ർ(റ)നെ സഹായിച്ചു. ധിക്കാരികളുടെ നേതാക്കന്മാരെയും വിഗ്രഹങ്ങളെയും നശിപ്പിച്ച് നാമാവശേഷമാക്കി. സത്യനിഷേധികളുടെ ഹൃദയങ്ങളിൽ ഭയമുളവാക്കി. അവർ നശിപ്പിക്കപ്പെട്ടു. അവസാനം അവർ തിരികെ വന്നു തൗബ ചെയ്തു. അതിശക്തനായ ദൈവത്തിന്റെ വാഗ്ദാനമുണ്ടായതും അതുതന്നെയാണ്. അവൻ എല്ലാ സത്യസന്ധനെക്കാളും വലിയ സത്യസന്ധനാകുന്നു. അതുകൊണ്ട് ചിന്തിച്ചു നോക്കുവിൻ. ഖിലാഫത്തിന്റെ വാഗ്ദാനം അതിന്റെ സകല ഉദ്ദേശ്യങ്ങളോടെയും അടയാളങ്ങളോടെയും ഹദ്റത്ത് അബൂബക്ർ(റ)ന്റെ വ്യക്തിത്വത്തിൽ പൂർത്തിയായത്.' *(സിർറുൽഖിലാഫ, മുത്തർറജിം, പേജ് 49-50, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 335)*

ഹദ്റത്ത് അബൂബക്ർ(റ)ന് ഇനി പറയുന്ന അഞ്ചു തരത്തിലുള്ള പ്രയാസങ്ങളെയും ദുഃഖങ്ങളെയും നേരിടേണ്ടി വന്നു. 1. നബി(സ) തിരുമേനിയുടെ വഫാത്തും വേർപാടിന്റെ ദുഃഖവും. 2. ഖിലാഫത്ത് തിരഞ്ഞെടുപ്പും ഉമ്മത്തിലെ ഫിത്നകളും ഭിന്നിപ്പിന്റെ ഭയാനകതയും. 3. ഉസാമയുടെ സൈന്യം പുറപ്പെടുന്നത് സംബന്ധിച്ച വിഷയം. 4. മുസ്ലിമീങ്ങൾ എന്നു പറഞ്ഞുകൊണ്ട് സകാത്ത് കൊടുക്കുന്നത് വിസമ്മതിക്കുകയും മദീനയെ ആക്രമിക്കാനുള്ള ശ്രമവും. ഇത് ചരിത്രത്തിൽ സകാത്ത് നിഷേധക്കാർ എന്ന് അറിയപ്പെടുന്നു. 5. മുർത്തദ്ദീങ്ങളുടെ ഫിത്ന. അതായത് ധിക്കാരികളും കലാപക്കാരും പ്രത്യക്ഷത്തിൽ കലാപമുണ്ടാക്കുകയും യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. ഈ കലാപത്തിൽ സ്വന്തം നിലയ്ക്ക് നുബുവ്വത്ത് വാദം ഉന്നയിച്ചവരും ഉൾപ്പെട്ടിരുന്നു. ഭയവിഹ്വലമായ ഈ എല്ലാ അവസ്ഥയിലും പ്രയാസങ്ങളും ഫിത്നകളും അദ്ദേഹം ഇല്ലാതാക്കി. അല്ലാഹു ഹദ്റത്ത് അബൂബക്ർ(റ)ന് നൽകിയ വിജയങ്ങൾ സംബന്ധിച്ച് തുടർന്നും വിവരിക്കുന്നതാണ്. എന്നാൽ, അതിനുമുമ്പേ നീതിമാനായ വിധികർത്താവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശദമായ ഉദ്ധരണിയുണ്ട്. അത് സമർപ്പിക്കാം. അതിൽ അദ്ദേഹം ഹദ്റത്ത് അബൂബക്ർ(റ)നെ ഹദ്റത്ത് മൂസാ(അ)യുടെ ആദ്യ ഖലീഫ ഹദ്റത്ത് യശൂഅ് ബിൻ നൂനിനോടു സാദൃശ്യപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് അബൂബക്ർ(റ)ന് അഭിമുഖീകരിക്കേണ്ടി വന്ന പ്രശ്നങ്ങളെയും പ്രയാസങ്ങളെയും വിജയങ്ങളെയും നേട്ടങ്ങളെയും വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു:

"രണ്ടു പരമ്പരയും അതായത് മൂസവീ ഖിലാഫത്ത് പരമ്പരയും മുഹമ്മദീ ഖിലാഫത്ത് പരമ്പരയും തമ്മിലുള്ള സാദൃശ്യം വ്യക്തമാക്കുന്ന ആയത്തിൽനിന്ന് കൃത്യമായും ഉറപ്പായും മനസ്സിലാക്കാൻ കഴിയുന്നത് മുഹമ്മദീ നുബുവ്വത്തിന്റെ പരമ്പരയിലുള്ള ഖലീഫമാർ മൂസവീ നുബുവ്വത്തിന്റെ പരമ്പരയുമായി സാദൃശ്യവും താദാത്മ്യവും ഉള്ളവരായിരിക്കുമെന്നാണ്. ആ ആയത്ത് ഇപ്രകാരമാണ്: **വഅദല്ലാഹുല്ലദീന ആമനൂ വ അമിലുസ്സാലിഹാത്തി ലയസ്തഖലിഫന്നഹും ഫിൽഅർളി കമസ്തഖ്ലഫല്ലദീന മിൻ ഖബ്‌ലിഹിം**(24:56) അല്ലാഹു സൽകർമങ്ങൾ അനുഷ്ഠിക്കുന്ന വിശ്വാസികളോട് വാഗ്ദാനം ചെയ്യുന്നു, അവർക്ക് മുമ്പേയുണ്ടായിരുന്നവരെ ഖലീഫമാരാക്കിയതുപോലെ അവരേയും ഭൂമിയിൽ ഖലീഫമാരാക്കുന്നതാണ്. ഇനി നമ്മൾ 'പോലെ' എന്ന പദത്തെ പരിഗണിക്കുകയാണെങ്കിൽ മുഹമ്മദീ ഖലീഫമാരുടെ മൂസവീ ഖലീഫമാരോടുള്ള സാദൃശ്യം അനിവാര്യമാണ്. ഇതിൽ ആദ്യം അംഗീകരിക്കേണ്ടി വരുന്നത് രണ്ടു പരമ്പരയുടെയും ഖലീഫമാർ തമ്മിലുള്ള സാദൃശ്യം നിർബന്ധമാണെന്നാണ്. സാദൃശ്യത്തിന്റെ ആദ്യത്തെ അടിത്തറ ഇടുന്നത് ഹദ്റത്ത് അബൂബക്ർ(റ)ഉം സാദൃശ്യത്തിന്റെ അവസാന മാതൃക വെളിപ്പെടുത്തുന്നത് മുഹമ്മദീയ ഖാത്തമുൽ ഖുലഫാഅ് ആയ മസീഹുമാണ്. അദ്ദേഹം മുഹമ്മദീയ ഖിലാഫത്ത് പരമ്പരയിലെ ഏറ്റവും അവസാനത്തെ ഖലീഫയാകുന്നു. ഏറ്റവും ആദ്യത്തെ ഖലീഫ ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് യൂശഅ് ബിൻ നൂനിന്റെ സാദൃശ്യനാകുന്നു. അദ്ദേഹത്തെ അല്ലാഹു നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഖിലാഫത്തിനുവേണ്ടി തിരഞ്ഞെടുത്തു. ഏറ്റവുമധികം ഉൾക്കാഴ്ചയുടെ ആത്മാവ് അദ്ദേഹത്തിൽ ഊതി. എത്രത്തോളമെന്നാൽ മസീഹ് ജീവിച്ചിരിക്കുന്നു എന്ന അബദ്ധ വിശ്വാസത്തിന്റെ ബുദ്ധിമുട്ടുകൾ ഖാത്തമുൽ ഖുലഫായ്ക്ക് അഭിമുഖീകരിക്കേണ്ടി വരുമെന്നതിനാൽ ആ എല്ലാ സംശയങ്ങളും ഹദ്റത്ത് അബൂബക്ർ(റ) വളരെ കൃത്യമായി പരിഹരിച്ചു. സ്വഹാബാക്കളിൽ ഒരാൾപോലും കഴിഞ്ഞുകടന്ന പ്രവാചകന്മാരുടെ മരണത്തിൽ വിശ്വസിക്കാത്തവരായി ഉണ്ടായിരുന്നില്ല. പ്രത്യുത എല്ലാ കാര്യത്തിലും എല്ലാ സ്വഹാബാക്കളും ഹദ്റത്ത് അബൂബക്ർ(റ)നെ പൂർണമായും അനുസരിക്കുകയും ചെയ്തു. അതുപോലെ മൂസാ(അ)ന്റെവഫാത്തിനുശേഷം ബനീ ഇസ്റാഈൽ യശൂഅ് ബിൻ നൂനിനെ അനുസരിച്ചു. അല്ലാഹുവും മൂസായുടെയും യശൂഅ് ബിൻ നൂനിന്റേയും മാതൃകയിൽ നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നതുപോലെ അദ്ദേഹത്തിന്റെ സഹായിയും സംരക്ഷകനുമായിരുന്നു. അതേപോലെ ഹദ്റത്ത് അബൂബക്ർ(റ)ന്റേയും സഹായിയും സംരക്ഷകനുമായിരുന്നു. യശൂഅ് ബിൻ നൂനും യോശഅ് ബിൻ നൂനും രണ്ടും ഒരേയാളുടെ പേരു തന്നെയാണ്.' (ഖാമൂസുൽകിതാബ്, പേജ് 1144, യൂശഅ് എന്ന പദം) അദ്ദേഹം പറയുന്നു: 'വാസ്തവത്തിൽ അല്ലാഹു യശൂഅ് ബിൻ നൂനിനെപോലെ അദ്ദേഹത്തെയും പരിശുദ്ധനാക്കി. ഒരു ശത്രുവിനും അദ്ദേഹത്തെ നേരിടാൻ കഴിഞ്ഞില്ല. ഉസാമയുടെ സൈന്യത്തിന്റെ അപൂർണമായ പ്രവർത്തനം ഹദ്റത്ത് മൂസാനബിയുടെ അപൂർണമായ പ്രവർത്തനങ്ങൾക്ക് സാദൃശ്യമുള്ളതായിരുന്നു. അത് ഹദ്റത്ത് അബൂബക്ർ(റ)ന്റെ കൈയാലാണ് പൂർത്തിയാക്കപ്പെട്ടത്. ഹദ്റത്ത് അബൂബക്ർ(റ)ന്, ഹദ്റത്ത് യശൂഅ് ബിൻ നൂനുമായി അത്ഭുതകരമായൊരു ബന്ധമുണ്ട്. മൂസായുടെ മരണത്തെ സംബന്ധിച്ച് ഹദ്റത്ത് യൂശഅ്നാണ് അറിയിപ്പ് കിട്ടിയത്. അല്ലാഹു കാലവിളംബമില്ലാതെ അദ്ദേഹത്തിന്റെ മനസ്സിൽ വഹ്‌യ് ഇറക്കി. മൂസാ മരിച്ചു പോയിരിക്കുന്നു. യഹൂദികൾ ഹദ്റത്ത് മൂസായുടെ മരണത്തെ സംബന്ധിച്ച് എന്തെങ്കിലും അബദ്ധത്തിലും ഭിന്നിപ്പിലും പെട്ടു പോകരുത്. ഇത് യശൂയിന്റെ പുസ്തകം ഒന്നാം അധ്യായത്തിൽനിന്ന് വ്യക്തമാകുന്നുണ്ട്. അതേപോലെ നബി(സ)തിരുമേനിയുടെ മരണത്തെ പറ്റി ഏറ്റവുമാദ്യം ഉറച്ച ബോധ്യം ഹദ്റത്ത് അബൂബക്ർ(റ)നാണുണ്ടായത്. നബി(സ)തിരുമേനിയുടെ പരിശുദ്ധ ശരീരത്തിൽ മുത്തം വെച്ചുകൊണ്ട് പറഞ്ഞു: അങ്ങ് ജീവിച്ചിരിക്കുമ്പോഴും പരിശുദ്ധനാണ്. മരണത്തിന് ശേഷവും പരിശുദ്ധനാകുന്നു.' പിന്നെ നബി(സ) തിരുമേനിയുടെ ജീവിതത്തെ കുറിച്ച് ചില സ്വഹാബാക്കളുടെ മനസ്സിലുദിച്ചു വന്ന ചിന്താഗതികളെ ഒരു പൊതുയോഗത്തിൽ വിശുദ്ധ ഖുർആനിന്റെ ആയത്തുകളുടെ അടിസ്ഥാ

നത്തിൽ ദൂരീകരിക്കുകയും അതോടൊപ്പം ഹദ്റത്ത് മസീഹിന്റെ ജീവിതത്തെക്കുറിച്ച് ചില ഹദീഥുകളിൽ പൂർണമായും ചിന്തിക്കാത്തതു കാരണം ചില ഹൃദയങ്ങളിലുണ്ടായിരുന്ന ചിന്താഗതികളെ വേരോടെ പിഴുതെറിയുകയും ചെയ്തു. ഹദ്റത്ത് യശൂഅ് ബിൻ നൂൻ ദീനിന്റെ കഠിന ശത്രുക്കളെയും കറ്റുകെട്ടുകാരെയും കുഴപ്പക്കാരെയും നശിപ്പിച്ചതുപോലെ നിരവധി കുഴപ്പക്കാരും കള്ള നുബുവ്വത്ത് വാദികളും ഹദ്റത്ത് അബൂബക്ർ(റ)ന്റെ കൈകളാൽ കൊല ചെയ്യപ്പെട്ടു. ഹദ്റത്ത് മൂസാ(അ) വളരെ ദുർബല ഘട്ടത്തിൽ വഫാത്തായി. ബനീ ഇസ്റാഈലാണെങ്കിൽ കൻആനിലെ ശത്രുക്കൾക്കുമേൽ വിജയിച്ചിട്ടുമുണ്ടായിരുന്നില്ല. നിരവധി ലക്ഷ്യങ്ങൾ ബാക്കിയുണ്ടായിരുന്നു. ചുറ്റുപാടും ശത്രുക്കളുടെ ബഹളമായിരുന്നു. മൂസാനബിയുടെ വഫാത്തിനുശേഷം അത് കുറെ കൂടി ഭയാനകമായ അവസ്ഥ പ്രാപിക്കുകയും ചെയ്തു. അതെപോലെതന്നെ നമ്മുടെ നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഭയാനകമായ ഒരു കാലം ഉടലെടുത്തു. നിരവധി അറബി ഗോത്രങ്ങൾ മുർതദ്ദായി. ചിലർ സക്കാത്ത് കൊടുക്കാൻ വിസമ്മതിച്ചു. നിരവധി കള്ള പ്രവാചകന്മാർ എഴുന്നേറ്റു. ആ സമയത്ത് വളരെ ശക്തമായ മനസ്സുള്ള, സ്ഥൈര്യമുള്ള വിശ്വാസ ധാർഢ്യനും ധീരനും യോദ്ധാവുമായ ഒരു ഖലീഫ ആവശ്യമായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) ഖലീഫയായി നിശ്ചയിക്കപ്പെട്ടു. അദ്ദേഹം ഖലീഫയായ ഉടൻതന്നെ വലിയ വിഷമങ്ങൾ നേരിടേണ്ടി വന്നു. ഹദ്റത്ത് ആഇശാ(റ) പറഞ്ഞതുപോലെ തുടരെത്തുടരെ ഉണ്ടായ ഫിത്നകളും ഗ്രാമവാസികളുടെ കലാപവും കള്ളപ്രവാചകന്മാരുടെ എഴുന്നേൽക്കലും എന്റെ പിതാവിനുമേൽ-അദ്ദേഹം നബി(സ)തിരുമേനിയുടെ ഖലീഫയായി നിശ്ചയിക്കപ്പെട്ടപ്പോൾ- മുസീബത്തുകളായിറങ്ങി. ദുഃഖങ്ങൾ വർഷിച്ചു. ഈ പ്രയാസം ഏതെങ്കിലും പർവ്വതത്തിന്റെ മേലാണ് ഇറങ്ങിയതെങ്കിൽ അത് പൊട്ടിച്ചിതറുകയും ഭൂമിയുമായി ഒട്ടിച്ചേരുകയും ചെയ്യുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ നിയതിനിയമമെന്തെന്നാൽ, അല്ലാഹു തന്റെ റസൂലിനെ അദ്ദേഹത്തിന്റെ മരണത്തിനു ശേഷം ഖലീഫയെ നിശ്ചയിക്കുമ്പോൾ ധൈര്യവും സ്ഥൈര്യവും ഉൾക്കാഴ്ചയും മാനസികമായ കരുത്തും അദ്ദേഹത്തിന്റെ ആത്മാവിൽ ഊതിയിരുന്നു; യശൂഅയുടെ ഗ്രന്ഥത്തിന്റെ ഒന്നാം അധ്യായം ആറാം വാക്യത്തിലുള്ളതുപോലെ. ഹദ്റത്ത് യശൂഅ്നോട് അല്ലാഹു പറഞ്ഞു: ശക്തനാകുക, ധൈര്യശാലിയാകുക. അതായത് മൂസാ മരിച്ചുപോയിരിക്കുന്നു. ഇനി നീ ശക്തനാകണം. ഇതേ കല്പന നിയതിനിയമത്തിന്റെ രൂപത്തിൽ ശരീഅത്തിന്റെ രൂപത്തിലല്ല ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഹൃദയത്തിലും ഇറങ്ങുകയുണ്ടായി. പരസ്പരബന്ധവും സാദൃശ്യമുള്ളതുമായ സംഭവങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഹദ്റത്ത് അബൂബക്ർ(റ)ബിൻ ഖുഹാഫയും യശൂഅ് ബിൻ നൂനും ഒരേയൊരു വ്യക്തിയായിരുന്നു എന്നാണ്.

ഖിലാഫത്തിന്റെ സാദൃശ്യം ഇവരെ ശക്തമായി യോജിപ്പിക്കുന്നു. അതായത് വ്യക്തമായ നിലയിൽ സാദൃശ്യങ്ങൾ വെളിപ്പെടുത്തുന്നു. ഇതു എന്തുകൊണ്ടെന്നാൽ ഏതെങ്കിലും ദീർഘമായ രണ്ടു പരമ്പരയുടെ പരസ്പര സാദൃശ്യം നോക്കുന്നവർ സ്വാഭാവികമായും ശ്രദ്ധിക്കുന്നത് ആദ്യത്തേതും അവസാനത്തേതും തമ്മിലുള്ള ബന്ധമാണ്. എന്നാൽ, രണ്ടു പരമ്പരയുടെയും ഇടയിലുള്ള സാദൃശ്യങ്ങൾ ഗവേഷണങ്ങൾക്കും അന്വേഷണങ്ങൾക്കുംവേണ്ടി സമയം ആവശ്യപെടുന്നതിനാൽ അത് നോക്കുന്നത് അനിവാര്യമാണെന്നു മനസ്സിലാക്കുന്നില്ല. പ്രത്യുത അവർ ആദ്യത്തേതിലും അവസാനത്തേതിലും മതിയാക്കുന്നു. അതുകൊണ്ട് അല്ലാഹു ഈ സാദൃശ്യങ്ങളെ, രണ്ടു ഖിലാഫത്തിന്റേയും ആദ്യ പരമ്പരയായ യശൂഅ് ബിൻ നൂനിനും ഹദ്റത്ത് അബൂബക്ർ(റ)നും തമ്മിലുള്ള സാദൃശ്യത്തെയും, രണ്ടു പേരും ഖിലാഫത്തിന്റെ അവസാന പരമ്പരയിലുള്ള ഹദ്റത്ത് ഈസബ്നു മർയവും ഈ ഉമ്മത്തിലെ മസീഹും തമ്മിലുള്ള സാദൃശ്യത്തെയും വളരെ വ്യക്തമായി കാണിച്ചു തരുകയുണ്ടായി.

ഉദാഹരണമായി, യശൂഉം അബൂബക്ർ(റ)ഉം തമ്മിൽ സാദൃശ്യങ്ങൾ വെക്കുകയുണ്ടായി. രണ്ടുപേരും ഒരേ വ്യക്തിത്വം എന്ന നിലക്ക് ഒരേ മുത്തിന്റെ രണ്ടു കഷണങ്ങൾ എന്ന നിലയ്ക്കും ബനീ ഇസ്റാഈലിൽ ഹദ്റത്ത് മൂസായുടെ വഫാത്തിനുശേഷം യശൂഅ് ബിൻ നൂൻ പറഞ്ഞ കാര്യങ്ങൾ കേൾക്കുകയും ആരും ഭിന്നിക്കാതിരിക്കുകയും ചെയ്തു. എല്ലാവരും തങ്ങളുടെ അനുസരണം വെളിപ്പെടുത്തി. ഇതേ സംഭവം ഹദ്റത്ത് അബൂബക്റു(റ)മായുമുണ്ടായി. എല്ലാവരും നബി(സ) തിരുമേനിയുടെ വേർപാടിൽ കണ്ണീർ പൊഴിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഖിലാഫത്തംഗീകരിച്ചു. ചുരുക്കത്തിൽ എല്ലാ നിലയ്ക്കും ഹദ്റത്ത് അബൂബക്ർ(റ)ന്റെ സാദൃശ്യം യശൂഅ് ബിൻ നൂനുമായി(അ) തെളിയുന്നു. അതായത് ഹദ്റത്ത് മൂസാക്ക് കാണിച്ചുകൊടുത്തതുപോലെ ഹദ്റത്ത് യശൂഅ് ബിൻ നൂനിനും അല്ലാഹു തന്റെ പിന്തുണ വെളിപ്പെടുത്തി കാണിച്ചു. അതെപോലെ എല്ലാ സ്വഹാബാക്കൾക്കു മുന്നിലും ഹദ്റത്ത് അബൂബക്ർ(റ)ന്റെ പ്രവർത്തനങ്ങളിൽ അനുഗ്രഹം ചൊരിഞ്ഞു. പ്രവാചകന്മാരെ പോലെ അദ്ദേഹത്തിന്റെ സ്വീകാര്യത തെളിയുകയുണ്ടായി.

അദ്ദേഹം കുഴപ്പക്കാരേയും കള്ളപ്രവാചകന്മാരേയും അല്ലാഹുവിൽനിന്നുള്ള ശക്തിയും പ്രഭാവവും മുഖേന വധിക്കുകയുണ്ടായി. എന്തെന്നാൽ, അല്ലാഹു നബി(സ)തിരുമേനിയുടെ കൂടെയുള്ളതുപോലെ സ്വഹാബാക്കൾ അദ്ദേഹത്തിന്റെകൂടെയും ഉണ്ടെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി. അത്ഭുതകരമായൊരു ബന്ധം ഹദ്റത്ത് അബൂബക്ർ(റ) ഉം ഹദ്റത്ത് യശൂഅ് ബിൻ നൂനും തമ്മിലുണ്ട്. അതെന്താണെന്നാൽ ഹദ്റത്ത് യശൂഅ് ബിൻ നൂനിനു ഹദ്റത്ത് മൂസായുടെ വഫാത്തിനുശേഷം, 'യർദൻ' എന്ന് പേരുള്ള ഭയാനകമായൊരു നദിയിലൂടെ സൈന്യത്തോടൊപ്പം കടന്നു പോകേണ്ടി വന്നു. യർദനിൽ ഒരു പ്രളയമുണ്ടായിരുന്നു. അതിലൂടെ കടന്നു പോകുന്നത് അസംഭാവ്യമായിത്തീർന്നു. ആ പ്രളയത്തിനിടയിലൂടെ കടന്നു പോകുന്നില്ലെങ്കിൽ ബനീ ഇസ്റാഈലിന്റെ ശത്രുക്കളുടെ കൈകളാൽ നാശമുണ്ടാകുമായിരുന്നു. ഇതായിരുന്നു ഹദ്റത്ത് മൂസാ(അ)യ്ക്കു ശേഷം യശൂഅ് ബിൻ നൂനിന് തന്റെ ഖിലാഫത്ത് കാലത്ത് അഭിമുഖീകരിക്കേണ്ടി വന്ന ആദ്യത്തെ വിഷമം. ആ സമയത്ത് അല്ലാഹു ആ പ്രളയത്തിൽനിന്ന് അത്ഭുതകരമായ രീതിയിൽ യശൂഅ് ബിൻ നൂനിനേയും അദ്ദേഹത്തിന്റെ സൈന്യത്തെയും രക്ഷിച്ചു. യർദൻ നദിയിൽ വരൾച്ച ഉണ്ടാകുകയും അങ്ങനെ വളരെ എളുപ്പത്തിൽ അവർ കടന്നുപോകുകയും ചെയ്തു. ആ വരൾച്ച യാദൃച്ഛികമായിരുന്നിരിക്കാം. അല്ലെങ്കിൽ അത്ഭുതകരമായ അടയാളമായിരിക്കാം. ഏതായാലും ഇങ്ങനെ അല്ലാഹു അദ്ദേഹത്തെ പ്രളയത്തിന്റേയും ശത്രുക്കളുടേയും പ്രയാസത്തിൽനിന്ന് രക്ഷിച്ചു. ഇതേ പ്രളയത്തിന് സമാനം അല്ലെങ്കിൽ അതിലും വലുതാണ് നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം സത്യഖലീഫയായ ഹദ്റത്ത് അബൂബക്റിനും ഒരു ലക്ഷത്തിലധികം വരുന്ന സ്വഹാബാക്കളുടെ ജമാഅത്തിനും അഭിമുഖീകരിക്കേണ്ടി വന്നത്. അതായത് രാജ്യത്ത് ശക്തമായ കലാപം പടർന്നു. ഗ്രാമീണരായ അറേബികളെ സംബന്ധിച്ച് അല്ലാഹു പറയുന്നു: **ഖാലത്തിൽഅഅ്റാബു ആമന്നാ ഖുൽ ല്ലം തുഅ്മിനൂ വലാക്കിൻഖൂലൂ അസ്‌ലംനാ വലമ്മാ യദ്ഖുലിൽഈമാനു ഫീ ഖുലൂബിക്കും**(49:15) ഈ പ്രവചനമനുസരിച്ച് അവർ വഴിപിഴക്കേണ്ടത് പ്രവചനപൂർത്തീകരണത്തിന് അനിവാര്യമായിരുന്നു. ഈ ആയത്തിന്റെ അർഥം ഇപ്രകാരമാണ്. 'തങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന് ആ ബദവികൾ അഥവാ ഗ്രാമീണരായ അറബികൾ പറയുന്നു. പറയുക, നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ, ഞങ്ങൾ മുസ്‌ലിമായിരിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങളുടെ ഹൃദയങ്ങളിൽ ഇതുവരെ സത്യവിശ്വാസം കടന്നിട്ടില്ല. ഏതായിരുന്നാലും പറയുന്നു: അവർ എല്ലാവരും മുർതദ്ദീങ്ങളായി. ചിലർ സക്കാത്ത് നിഷേധിച്ചു. വേറെ കുറെ പേർ പ്രവാചകത്വം വാദിച്ചു. അവരോടൊപ്പം ദൗർഭാഗ്യവാന്മാരായ ലക്ഷക്കണക്കിന് ആളുകളുടെ സംഘവുമുണ്ടായി. ശത്രുക്കളുടെ എണ്ണം എത്രമാത്രം വർധിച്ചുവെന്നാൽ സ്വഹാബാക്കളുടെ സംഘം അവർക്കു മുന്നിൽ ഒന്നുമല്ലാതായിത്തീർന്നു. രാജ്യത്ത് ശക്തമായൊരു കൊടുങ്കാറ്റടിച്ചു. ഹദ്റത്ത് യശൂഅ് ബിൻ നൂനിന് അഭിമുഖീകരിക്കേണ്ടി വന്ന ഭയാനകമായ വെള്ളത്തെക്കാളും വലിയ പ്രളയമായിരുന്നു ഇത്. യശൂഅ് ബിൻ നൂനിന് മൂസായുടെ വഫാത്തിനുശേഷം അവിചാരിതമായി ശക്തമായ പരീക്ഷണങ്ങളിൽ അകപെടേണ്ടി വന്നു. നദിയിലാണെങ്കിൽ ശക്തമായ പ്രളയമുണ്ടായി. ഒരു കപ്പലും ഉണ്ടായിരുന്നില്ല. എല്ലാ ഭാഗത്തുനിന്നും ശത്രുക്കളോടുള്ള ഭയവുമുണ്ടായിരുന്നു. നബി(സ) തിരുമേനി വഫാത്തായപ്പോൾ ഇതേ പരീക്ഷണം ഹദ്റത്ത് അബൂബക്റിന് മുന്നിലും വന്നു. അറബികൾ മുർതദ്ദാകുന്ന ഒരു വലിയ പ്രളയമുണ്ടായി. കള്ളപ്രവാചകന്മാരുടെ മറ്റൊരു പ്രളയവും അതിന് ശക്തി പകർന്നു. ഈ പ്രളയം യശൂഅയുടെ പ്രളയത്തേക്കാളും കുറവായിരുന്നില്ല. മറിച്ച് വളരെ വലുതായിരുന്നു. അല്ലാഹുവിന്റെ വചനങ്ങൾ യശൂയിന് ശക്തി പകർന്നു. പറയുന്നു: നീ പോകുന്നിടത്തൊക്കെ ഞാൻ നിന്റെ കൂടെ ഉണ്ടാകും. സ്ഥൈര്യം കാണിക്കുക. ധൈര്യവാനാകുക. മനസ്സ് വിടരുത്. അപ്പോൾ യശൂയിന് നല്ല ശക്തിയും ധൈ

ര്യവും അല്ലാഹുവിന്റെ സാന്ത്വനംകൊണ്ട് ലഭിക്കുകയുണ്ടായി. അതെപോലെതന്നെ ഹദ്റത്ത് അബൂബക്റിന്റെ കാലത്തുള്ള കലാപത്തിന്റെ പ്രളയമുണ്ടായ അവസരത്തിലും അല്ലാഹു ശക്തി നൽകി. ആ കാലഘട്ടത്തിലെ ഇസ്‌ലാമിക ചരിത്രത്തെ കുറിച്ച് അറിയുന്നവർ സാക്ഷ്യപ്പെടുത്തുന്നത്, ആ പ്രളയം എത്ര മാത്രം ശക്തമായിരുന്നുവെന്നാൽ അല്ലാഹുവിന്റെ കൈകൾ ഹദ്റത്ത് അബൂബക്റിനോടൊപ്പം ഇല്ലായിരുന്നെങ്കിൽ ഇസ്‌ലാം വാസ്തവത്തിൽ അല്ലാഹുവിൽനിന്ന് അല്ലായിരുന്നെങ്കിൽ അബൂബക്ർ സത്യഖലീഫ അല്ലായിരുന്നെങ്കിൽ ആ ദിവസം ഇസ്‌ലാം ഇല്ലാതായിപോകുമായിരുന്നുവെന്നാണ്. എന്നാൽ, യശൂഅ് നബിയെപോലെ അല്ലാഹുവിന്റെ വിശുദ്ധ വചനങ്ങളാൽ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന് ശക്തി ലഭിച്ചു. കാരണം അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ പരീക്ഷണത്തെ സംബന്ധിച്ച് നേരത്തെ തന്നെ അറിയിപ്പ് നൽകിയിരുന്നു. വിശുദ്ധ ഖുർആനിലെ താഴെപറയുന്ന ആയത്ത് ശ്രദ്ധാപൂർവം വായിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയും, ഈ പരീക്ഷണത്തെ സംബന്ധിച്ച് തീർച്ചയായും അല്ലാഹു നേരത്തെതന്നെ അറിയിപ്പ് തന്നിട്ടുണ്ടെന്ന്! **വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സാലിഹാത്തി ലയസ്തഖ്ലിഫന്നഹും ഫിൽഅർളി കമസ്തഖ്ലിഫല്ലദീന മിൻഖബ്‌ലിഹിം വലയുമക്കിനന്നലഹും ദീനഹുമുല്ലദിർത്തളാ ലഹും വലയുബദ്ദിലന്നഹും മിൻബഅ്ദി ഖൗഫിഹിം അംനാ യഅ്ബുദൂനനീ വലാ യുശ്‌രിക്കൂന ബീ ശയ്അൻ വമൻ കഫറ ബഅ്ദ ദാലിക്ക ഫ ഉലാഇക്കഹുമുൽ ഫാസിഖൂൻ**(24:56)

അതായത് അല്ലാഹു സൽകർമകാരികളായ വിശ്വാസികളോട് വാഗ്ദാനം ചെയ്യുന്നു: അവർക്ക് മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ അവരെയും അവൻ ഖലീഫമാരാക്കുന്നതാണ്. ഹദ്റത്ത് മൂസാക്കുശേഷം ആരംഭിച്ച ഖിലാഫത്ത് പരമ്പരപോലെ അതെ ഖിലാഫത്ത് പരമ്പര ആരംഭിക്കുന്നതാണ്. ഈ വിശദീകരണം അൽപം വിശദീകരിച്ച തർജമയാകുന്നു. അത് ഹദ്റത്ത് മസീഹ് മൗഊദ്[അ] സ്വയം ചെയ്തതാണ്. (തുടരും)

പേജ് 8 ൽ നിന്ന്

രമായി എല്ലാ അറബികളുമായും ബന്ധപെട്ടവരാണ്. കാരണം ഖുറയ്ശികളുമായി ഏതെങ്കിലും വിധത്തിൽ കുടുംബ ബന്ധമില്ലാത്ത ഒരു ഗോത്രവുമില്ല. ഞങ്ങൾ മുഹാജിരീങ്ങൾ ഏറ്റവുമാദ്യം ഇസ്‌ലാം സ്വീകരിച്ചവരാണ്. ഞങ്ങളാണ് നബി[സ] തിരുമേനിയുടെ സഹോദരന്മാരും കുടുംബക്കാരും രക്തബന്ധുക്കളും. ഞങ്ങൾ നുബുവ്വത്തിന്റെ കുടുംബക്കാരും ഖിലാഫത്തിന്റെ അവകാശികളുമാകുന്നു.*(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 3504-505, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 2002)*

ഈ സംഭവങ്ങളെ വിവരിച്ചുകൊണ്ട് അഹ്മദ് ബിൻ ഹമ്പൽ തന്റെ മുസ്നദിൽ ഹദ്റത്ത് അബൂബക്റിന്റെ കർമങ്ങളെ വിശദീകരിക്കുന്നുണ്ട്. ഈ വിവരണത്തിനുശേഷം ഹദ്റത്ത് അബൂബക്ർ നബി[സ]തിരുമേനിയുടെ വഫാത്തിൽ മുസ്‌ലിമീങ്ങൾക്കുമേൽ പ്രഭാഷണം നടത്തി. നബി[സ]തിരുമേനിയുടെ മരണപ്പെട്ടതായി പ്രഖ്യാപിച്ചു. നിവേദകൻ പറയുന്നു: അദ്ദേഹത്തിന്റെ പ്രഭാഷണത്തിനും വഫാത്ത് വിളംബരപ്പെടുത്തലിനും ശേഷം ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും[റ] വളരെ വേഗത്തിൽ സഖീഫ ബനൂ സായിദയിലേക്ക് പുറപ്പെട്ടു. അവരുടെ അടുത്തെത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർ സംസാരം ആരംഭിച്ചു. അദ്ദേഹം വിശുദ്ധ ഖുർആനിൽ അൻസ്വാറിനെ സംബന്ധിച്ച് ഇറങ്ങിയതൊന്നും തന്നെ ഒഴിവാക്കിയില്ല. നബി[സ]തിരുമേനി അൻസ്വാറിന്റെ ശ്രേഷ്ഠതയെ സംബന്ധിച്ച് പറഞ്ഞതെല്ലാം വിവരിച്ചു. പിന്നെ ഹദ്റത്ത് അബൂബക്ർ പറഞ്ഞു: നിങ്ങൾക്കറിയില്ലേ നബി[സ]തിരുമേനി ഒരിക്കൽ പറഞ്ഞു: 'ജനങ്ങൾ ഒരു താഴ്വരയിലൂടെ സഞ്ചരിക്കുകയും അൻസ്വാർ മറ്റൊരു താഴ്വരയിലൂടെയും സഞ്ചരിക്കുകയാണെങ്കിൽഞാൻഅൻസ്വാറിന്റെ താഴ്വരയിൽ സഞ്ചരിക്കുന്നതാണ്.

പിന്നീട് ഹദ്റത്ത് സഅ്ദിനെ സംബോധന ചെയ്ത് ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'സഅ്ദേ! താങ്കളിരിക്കുകയായിരുന്നപ്പോൾ, 'ഖുറയ്ശികളായിരിക്കും ഖിലാഫത്തിന്റെ അവകാശികളെന്നും ജനങ്ങളിൽ നന്മയുള്ളവർ ഖുറയ്ശികളിലെ നന്മയുള്ള ആളുകൾക്ക് കീഴിലായിരിക്കുമെന്നും അധർമികളായ ആളുകൾ ഖുറയ്ശിലെ അധർമികൾക്ക് കീഴിലുമായിരിക്കുമെന്നും നബി[സ]തിരുമേനി പറഞ്ഞത് താങ്കൾ ഓർക്കുന്നുണ്ടോ?' ഹദ്റത്ത് സഅ്ദ് പറഞ്ഞു: 'താങ്കൾ സത്യമാണ് പറഞ്ഞത്. ഞങ്ങൾ മന്ത്രിമാരും നിങ്ങൾ അമീർമാരുമാണ്.'*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, മുസ്നദ് അബീബക്ർ, ജബൽ, വാള്യം 1, പേജ് 158-159, ഹദീഥ് 18, ദാറുൽഹദീഥ് ഖാഹിറ 1994)*

ഈ അനുസ്മരണം ഇനിയും തുടരുന്നതായിരിക്കും. നിലവിലെ ലോകത്തിന്റെ അവസ്ഥകളെ കുറിച്ച് ഞാൻ ദുആക്കുവേണ്ടി പറയാൻ ആഗ്രഹിക്കുകയാണ്. വളരെ ഭയാനകമായ അവസ്ഥയാണ്. ഇത് കൂടുതലാകാനാണ് സാധ്യത. കേവലം ഒരു രാജ്യമല്ല പ്രത്യുത ഇത് ഇങ്ങനെതന്നെ തുടരുകയാണെങ്കിൽ നിരവധി രാജ്യങ്ങൾ ഇതിൽ ഭാഗഭാക്കാകുന്നതാണ്. അതിന്റെ ഭയാനകമായ പ്രതിഫലനം തലമുറകളോളം നിലനിൽക്കുന്നതായിരിക്കും. ഇവർ അല്ലാഹുവിനെ തിരിച്ചറിയുന്നവരാകുമാറാകട്ടെ. തങ്ങളുടെ ഭൗതിക ആഗ്രഹങ്ങളുടെ തൃപ്തി കരസ്ഥമാക്കുന്നതിന് മനുഷ്യജീവൻകൊണ്ട് കളിക്കാതിരിക്കട്ടെ. നമുക്ക് ദുആ ചെയ്യാൻ കഴിയും, ചെയ്യുന്നുമുണ്ട്. മനസ്സിലാക്കിക്കൊടുക്കാൻ കഴിയും അതും ചെയ്യുന്നു. നീണ്ടകാലമായി നമ്മൾ ഇതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഏതായിരുന്നാലും ഈ ദിവസങ്ങളിൽ പ്രത്യേകമായും അഹ്മദികൾ കൂടുതലായി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. യുദ്ധത്തിന്റെ അവസ്ഥയാണുള്ളത്. അത് ഭയാനകമാണ്. അതിന്റെ വിനാശകരമായ അവസ്ഥയെ സംബന്ധിച്ച് സങ്കൽപ്പിക്കാൻപോലും സാധ്യമല്ല. അത്രമാത്രം നാശങ്ങൾ സംഭവിച്ചേക്കാവുന്നതാണ്. അല്ലാഹു ഇതിൽ നിന്നെല്ലാം മനുഷ്യകുലത്തെ സംരക്ഷിക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഒരു ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതാണ്. അത് ജമാഅത്തിന്റെ മുബല്ലിഗ് ഖുശീ മുഹമ്മദ് സാഹിബ് ശാക്കിറിന്റേതാണ്. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. 69 വയസ്സായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സ്വഹാബി ആയിരുന്ന മൗലവി കരീം ബഖ്ശ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് സ്ഥാപിതമായത്. അദ്ദേഹം പ്ലേഗിന്റെ അടയാളം കണ്ടുകൊണ്ടാണ് ബയ്അത്ത് ചെയ്തത്. അങ്ങനെ ഹദ്റത്ത് മൗലവി കരീം ബഖ്ശ് സാഹിബിന്റെ ഭാര്യ ഫള്ൽ ബീബി സാഹിബയുടെ സഹോദരൻ ഹദ്റത്ത് ഹാജി മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിനും ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ കൈയിൽ ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. ഹദ്റത്ത് ഹാജി മുഹമ്മദ് അബ്ദുല്ലാഹ് സാഹിബിന്റെ പേര് താരീഖെ അഹ്മദിയ്യത്തിന്റെ ഏഴാം വാള്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ സ്വഹാബാക്കളുടെ പട്ടികയിൽ 23-ാം നമ്പറായി ചേർത്തിട്ടുണ്ട്. ഏതായിരുന്നാലും ഖുശീ മുഹമ്മദ് ശാക്കിർ സാഹിബിനെ കുറിച്ച് പറയുകയാണെങ്കിൽ, അദ്ദേഹം 1969-ൽ മെട്രിക് പാസ്സായി. പിന്നെ ജീവിതം വഖ്ഫു ചെയ്തു. ജാമിഅ അഹ്മദിയ്യായിൽ പ്രവേശിച്ചു. 1977- ൽ ജാമിഅയിൽ നിന്ന് ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. 1978-ൽ അറബി ഫാളിൽ പരീക്ഷ പാസ്സായി. പിന്നെ ജമാഅത്തിന്റെ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. 1987-ൽ ഒഅ ഇസ്‌ലാമിയത്ത് ഡിഗ്രി കരസ്ഥമാക്കി. ഗിനികൊണാക്രി(Guinea Conakry)യിലും പാകിസ്താനിലെ വിവിധ പട്ടണങ്ങളിലും മുബല്ലിഗായി സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹം ഫ്രഞ്ച് ഭാഷയിലും ഡിപ്ലോമ കരസ്ഥമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന് ആറു ആൺമക്കളെ അല്ലാഹു നൽകി. ഒരു മകൻ നാസിർ ഇസ്‌ലാം സാഹിബ് മുറബ്ബി സിൽസിലയാണ്. ഇപ്പോൾ റബ്‌വയിൽ തന്നെയാണ് നിയമിക്കപ്പെട്ടിട്ടുള്ളത്. പരേതന് 77 മുതൽ 91 വരെ പാകിസ്താനിലെ വിവിധ സ്ഥലങ്ങളിൽ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. 91 മുതൽ 2007 വരെ സിയറ ലിയോണി(Sierra Leone)ലും ഗിനികൊണാക്രി(Guinea Conakry)യിലും സേവനത്തിനുള്ള സൗഭാഗ്യം കിട്ടി. അവിടെനിന്ന് തിരിച്ച് വന്ന് 2008 വരെ അഞ്ചുമന്റെ വിവിധ ഓഫീസുകളിൽ വ്യത്യസ്ത വിഭാഗങ്ങളിൽ സേവനത്തിന് തൗഫീഖ് ലഭിച്ചു. അഡീഷണൽ നാളിർ ഇസ്‌ലാഹ് വ ഇർശാദ് മഖാമിയായും ഉമൂറെ ആമ ഓഫീസിലും സേവനം ചെയ്തിട്ടുണ്ട്. ആഫ്രിക്കയിലായിരുന്നപ്പോൾ അദ്ദേഹം മുഖേന നിരവധി സത്പ്രകൃതക്കാർക്ക് അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ സൗഭാഗ്യം ലഭിച്ചു. നിരവധി ജമാഅത്തുകൾ സ്ഥാപിതമായി. വളരെ നിസ്വാർഥനും കഠിനാധ്വാനിയുമായ മുബല്ലിഗായിരുന്നു. വിശ്വാസ വർധനയ്ക്ക് നിദാനമായ തബ്‌ലീഗ് രംഗത്തെ നിരവധി സംഭവങ്ങൾ ആളുകൾ വിവരിച്ചിട്ടുണ്ട്. അല്ലാഹു എങ്ങനെയാണ് അദ്ദേഹത്തെ സഹായിച്ചതെന്ന് അതിൽ പറയുന്നു. അദ്ദേഹത്തിന് 1986 ജൂലായിൽ കലിമ തയ്യിബ കേസിൽ **അസീറെ റാഹേ മൗലാ** ആകുന്നതിന് സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: എന്റെ മുഴുവൻ ജീവിതവും അദ്ദേഹം ഇന്നേവരെ നമസ്കാരമോ തഹജ്ജുദോ ഒഴിവാക്കിയിട്ടില്ല എന്ന കാര്യത്തിൽ സാക്ഷിയാണ്. ജമാഅത്തി പര്യടനങ്ങൾക്കുശേഷം തിരിച്ചുവരുമ്പോൾ ക്ഷീണമാ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 07 April 2022 Issue-14

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ണെങ്കിൽപോലും നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്നതിന് തീർച്ചയായും ശ്രമിച്ചിട്ടുണ്ടായിരുന്നു. വളരെ രോഗി ആയിരുന്നിട്ടും, എത്രത്തോളമെന്നാൽ നടക്കാൻ പ്രയാസമായിരുന്നിട്ടും ജമാഅത്തായ നമസ്കാരത്തിന് വേണ്ടി പോകുമായിരുന്നു. ഒരുപാട് നന്മകൾക്ക് ഉടമയായിരുന്നു. അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിൽ എപ്പോഴും മുഴുകിയിരുന്നു. തഖ്‌വായുടെ ഇടുങ്ങിയ വഴികളിലൂടെ ചരിക്കുന്നയാളും ഖിലാഫത്തിനോട് അകൈതവമായ സ്നേഹവും അനുസരണവും വിനയവുമുള്ളയാളും മുറബ്ബി മാരെയും ജമാഅത്തി ഭാരവാഹികളെയും ആദരിക്കുന്നയാളും കുട്ടികളോടും ബാന്ധുമിത്രാദികളോടും വാത്സല്യമായുള്ളയാളും സാധുസംരക്ഷകനുമായിരുന്നു. തബ്‌ലീഗിൽ പ്രത്യേകം താൽപര്യമുള്ള ആളായിരുന്നു. രോഗത്തിന്റെ അവസാന ദിവസങ്ങളിലും ആരോഗ്യം കൂടുതൽ മോശമായപ്പോൾ അദ്ദേഹത്തെ മൂന്നുപകലും മൂന്നു രാവും എമെർജൻസിയിൽ കൊണ്ടുപോവുകയുണ്ടായി. തിരിച്ചു വീട്ടിൽ എത്തിയപ്പോഴും ഒരിക്കലും തഹജ്ജുദ് ഒഴിവാക്കിയിരുന്നില്ല. ഒരു ദിവസം ഹോസ്പിറ്റലിൽനിന്ന് തിരിച്ചു വന്നു. ആരോഗ്യം മോശമായിരുന്നു. സ്വുബ്ഹി നമസ്കരിച്ചു. പിന്നീടു തയ്യാറായി ഓഫീസിലേക്ക് പോയി. അദ്ദേഹത്തെ തടയുമ്പോൾ പറഞ്ഞിരുന്നത്, ഇതുതന്നെയാണ് ഒരു വഖ്ഫെ സിന്ദഗിയുടെ ജീവിതം, അതുകൊണ്ട് എന്നെ എന്റെ പണിയിൽ തടയാതിരിക്കൂ എന്നായിരുന്നു.

അദ്ദേഹത്തിന്റെ മകൻ മുറബ്ബിയെ സിൽസില നാസിർ ഇസ്‌ലാം പറയുന്നു: ഞങ്ങൾക്ക് ബുദ്ധി വെച്ചതുമുതൽ പിതാവിനെ തഹജ്ജുദ് നമസ്കരിക്കുന്ന ആളായിട്ടാണ് കണ്ടിട്ടുള്ളത്. അനുസരണത്തിന്റെ ഉന്നതസ്ഥാനത്തും ജമാഅത്തിലെ ഏതുഭാരവാഹിയാണെങ്കിലും ചെറുതാണെങ്കിലും വലുതാണെങ്കിലും അദ്ദേഹത്തെ അനുസരിക്കുമായിരുന്നു. എല്ലാ ദിവസവും ദാനധർമങ്ങൾ കൊടുക്കുന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. അന്നന്നത്തെ ജോലികൾ അന്നന്നുതന്നെ പൂർത്തിയാക്കുമായിരുന്നു. എല്ലാവരുമായും ഇടപഴകിയിരുന്നു. തബ്‌ലീഗിൽ വളരെ താൽപര്യവുമായിരുന്നു. പറയുന്നു: ഞാനെന്റെ പിതാവിനെ നമസ്കാരത്തിന് പോകുമ്പോഴും തിരിച്ചു വരുമ്പോഴും ആഫ്രിക്കയിൽ രാവിലെ നടക്കാൻ പോകുമ്പോഴും ഏതെങ്കിലും ഹോട്ടലിൽ ഭക്ഷണത്തിന് ഇരിക്കുന്ന സമയത്തും അതല്ലെങ്കിൽ കാത്തിരിപ്പ് കേന്ദ്രങ്ങളിൽ ഇരിക്കുമ്പോഴും ഡൈനിങ് റൂമിലാണെങ്കിലും അവിടെ പോലീസ് ഓഫിസർമാർ ആണെങ്കിലും അവിടെ മിലിറ്ററി ഓഫിസർമാരാണെങ്കിലും ആരെ കണ്ടാലും അവർക്ക് തബ്‌ലീഗ് ചെയ്യുമായിരുന്നു. ഒരു അവസരവും നഷ്ടപ്പെടുത്തിയിരുന്നില്ല. ആരെയെങ്കിലും കണ്ടാൽ 'ഞങ്ങളുടെ ഉപ്പ അയാളെ കണ്ടിട്ടുണ്ടെന്നും ഇനി അയാളെ തബ്‌ലീഗ് ചെയ്യാതെ വിടുകയില്ലെന്നും' ഞങ്ങൾ പറയുമായിരുന്നു.

അദ്ദേഹത്തിന്റെ ഒരു മകൻ പറയുന്നു: പിതാവ് പറയുമായിരുന്നു. ആഫ്രിക്കയിൽ തബ്‌ലീഗ് സംബന്ധിച്ച് ഒരുപാട് പ്രശ്നങ്ങൾ മുന്നിൽ വന്നു കൊണ്ടിരുന്നു. ഒരുപാട് ദുആകൾ ചെയ്തു. തഹജ്ജുദ് നമസ്കരിക്കുമ്പോൾ സുജൂദിൽ ഒരു ശബ്ദം കേട്ടു: 'എന്റെ അസ്തിത്വത്തിൽ പരാജയം വിധിച്ചിട്ടില്ല.' അദ്ദേഹം പറയുന്നു: തബ്‌ലീഗിന്റെ കാര്യത്തിലുണ്ടായിരുന്ന വിലക്ക് അടുത്ത ദിവസംതന്നെ ഇല്ലാതായി. ഒരുപാടുപേർ അദ്ദേഹത്തെ കുറിച്ചുള്ള സംഭവങ്ങൾ എഴുതിയിട്ടുണ്ട്. എല്ലാവരും എഴുതിയത് ആദ്ദേഹം ജനങ്ങളുമായി ഇടപഴകുന്നയാളും വിനയനും ദുആ ചെയ്യുന്നയാളും ഖിലാഫത്തുമായി ഉറച്ച ബന്ധമുള്ളയാളും അല്ലാഹുവിൽ പൂർണമായും സമർപ്പണം ചെയ്ത ആളുമായിരുന്നുവെന്നാണ്. അല്ലാഹു അദ്ദേഹത്തിൽ മഗ്ഫിറത്തും കാരുണ്യവും ചൊരിയുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

****

**പേജ് 1 ൽ നിന്ന്**

**തഅ്‌ലീൽ**' ആകുമ്പോൾ അതിന്റെ അർഥം നാം നിന്നിൽ മറ്റു ഗ്രന്ഥങ്ങളെക്കാൾ ഉന്നതഗുണങ്ങളുള്ള ഗ്രന്ഥം ഇറക്കി എന്നാണ്. നീ മുഴുലോകത്തിനും അവർക്കുവേണ്ടി ഇറക്കപ്പെട്ട അധ്യാപനം കേൾപ്പിക്കുന്നതിനുവേണ്ടി. അതായത് നിന്നിൽ ഇറക്കപ്പെട്ട അധ്യാപനം ഏറ്റവും ഉന്നതമാകുക എന്നതിനുള്ള കാരണം അല്ലാഹു അതിനെ ഏതെങ്കിലും ഒരു ജനതയ്ക്കുവേണ്ടി അല്ലെങ്കിൽ ഒരു കാലത്തുള്ള ജനങ്ങൾക്കുവേണ്ടി ഇറക്കിയതല്ല. പ്രത്യുത മുഴുവൻ ജനതയ്ക്കുംവേണ്ടി ഇറക്കിയതാണ്. അവർ ഏതു ജനതയിൽപ്പെട്ടവരായാലും വേണ്ടില്ല. ഏതു കാലത്തുള്ളവരായാലും വേണ്ടില്ല. '**ലാമ് ആഖിബത്ത്**' ആയി വരുമ്പോൾ അർഥം ഇങ്ങനെയായിരിക്കും. കാരണം നിന്നിൽ ഉന്നതമായ ഗ്രന്ഥം ഇറങ്ങി. അത് നീ രഹസ്യമാക്കി എങ്ങനെ വെക്കാനാണ്. ഈ ഉന്നതമായ ഗ്രന്ഥത്തിന്റെ ഇറക്കം അതിനു നിമിത്തമായി. അതായത് നീ എല്ലാ ആളുകളേയും ഇതിലേക്ക് വിളിച്ചുകൊണ്ടിരിക്കുന്നു. ഏതൊരാളിലാണോ ഇത്തരം ഗ്രന്ഥം ഇറങ്ങിയത് അയാളെങ്ങനെ മിണ്ടാതിരിക്കാനാണ്?

നുസ്സില ഇലയ്ഹിം എന്നു പറഞ്ഞുകൊണ്ട് സത്യനിഷേധികളുടെ സ്നേഹവികാരങ്ങളെ ഉത്സാഹിപ്പിച്ചു. അതായത് ഗ്രന്ഥം നിന്നിലാണ് ഇറങ്ങിയതെങ്കിലും, ഇതിൽനിന്ന് എല്ലാ ജനതയും ഫലമെടുക്കുക എന്ന ഉദ്ദേശ്യമായതുകൊണ്ട് യഥാർഥത്തിൽ ഇതിന്റെ ഇറക്കം മുഴലോകത്തിനുമേലുമാണ്. അപ്പോൾപ്പിന്നെ ഈയാളുകൾ അല്ലാഹുവിന്റെ ഈ സ്നേഹത്തെ എന്തുകൊണ്ട് വിലമതിക്കുന്നില്ല?

നുസ്സില ഇലയ്ഹിം കൊണ്ട് ഇക്കാര്യത്തിലും സമ്മർദം ചെലുത്തിയിരിക്കുകയാണ്. അതായത് ഈ ഗ്രന്ഥം മുഴുവൻ ലോകംവരേയും എത്തിക്കേണ്ടത് നിർബന്ധമാണ്. കാരണം അതിന്റെ ഇറക്കം മുഴുലോകത്തിനുംവേണ്ടിയാണ്. ഇതു മുഴുവൻലോകത്തിന്റേയും സ്വത്താണ്. അതുകൊണ്ട് അവരിലെല്ലാവരിലും ഇതു എത്തിക്കുക എന്നത് അങ്ങേയറ്റം സുപ്രധാനമായ നിർബന്ധ കടമയാണ്. അഹോ കഷ്ടം! മുസ്‌ലിമീങ്ങൾ ഈ പോയന്റ് മനസ്സിലാക്കുകയും ഇസ്‌ലാമിക പ്രബോധനത്തിന്റെ നിർബന്ധ കടമ നിറവേറ്റുന്നതിൽ മടി കാണിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഇന്ന് ലോകത്ത് ഇസ്‌ലാമല്ലാതെ മറ്റൊരു മതവും കാണാൻ കഴിയുമായിരുന്നില്ല. കാരണം അതിന്റെ പരിശുദ്ധ അധ്യാപനത്തിന്റെ മുമ്പിൽ മറ്റൊരു അധ്യാപനത്തിനും നിൽക്കുവാൻ സാധിക്കുകയില്ല. ഇന്ന് അതിന്റെ പ്രചാരണത്തിൽ തടസ്സമുണ്ടെന്നതിന് സംശയമില്ല. കാരണം ദുൻയാവിനോടുള്ള അതിമോഹവും അത്യാഗ്രഹവും ഇസ്‌ലാം സ്വീകരിക്കുന്നതിന് തടസ്സമായിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഈ അവസ്ഥ ഉണ്ടായത് ഇക്കലത്താണ്. ആദ്യം ലോകവും മുസ്‌ലിമീങ്ങളുടെ കൈയിലായിരുന്നു. അവരുടെ കൈയിൽ ദീൻ ഉണ്ടായിരുന്നതുപോലെ!

ലിതുബയ്യിന എന്നതിൽ മറ്റൊരു സൂക്ഷ്മമായ വിഷയവും വിവരിക്കപ്പെട്ടിരിക്കുന്നു. അതെന്താണെന്നാൽ ചില ഗ്രന്ഥങ്ങളുണ്ട്, അവയെ മനുഷ്യൻ ലജ്ജകൊണ്ട് കേൾക്കാൻതന്നെ ആഗ്രഹിക്കുന്നില്ല. ഉദാഹരണത്തിന് ബൈബിളിലെ ചില കഷണങ്ങൾ!പക്ഷേ, വിശുദ്ധ ഖുർആൻ എങ്ങനെയുള്ള മാന്യതാപരമായ കാര്യങ്ങളടങ്ങിയതാണെന്നാൽ എല്ലായിടത്തും അത് കേൾപ്പിക്കാവുന്നതാണ്.

ഒരു ക്രിസ്ത്യാനിയുടെ വാക്യമുണ്ട്. വിശുദ്ധ ഖുർആനിന്റെ ഗുണമെന്ന് പറയുന്നത് അത് ഏതു മജ്‌ലിസിലും പാരായണം ചെയ്യാൻ കഴിയുമെന്നതാണ്. എന്നാൽ, നമ്മുടെ ഗ്രന്ഥം എങ്ങനെയുള്ളതാണെന്നാൽ എല്ലാ സദസ്സിലും അത് വായിക്കാൻ കഴിയുകയില്ല.

ഹദ്റത്ത് ലൂത്വ്(അ)ന്റേയും അദ്ദേഹത്തിന്റെ പെൺമക്കളുടേയും സംഭവം, ബനീഇസ്റാഈലിന്റെ സ്ത്രീകളേയും കുട്ടികളേയും ദൈവകല്പനയാൽ കൊലചെയ്യൽ തുടങ്ങിയ സംഭവങ്ങളാണുള്ളത്. അത്തരം സംഭവങ്ങൾ മജ്‌ലിസുകളിൽ വിവരിക്കുക എന്നത് പ്രയാസമുണ്ടാക്കുന്ന കാര്യങ്ങളാണ്. ആര്യസമാജക്കാരുടെ 'നിയോഗ'ത്തിന്റെ അധ്യാപനവും മറ്റുള്ളവരെ കേൾപ്പിക്കുന്നത് അവിടെ നിൽക്കട്ടെ, അവരുടെതന്നെ ആര്യമതക്കാരായ ഭർത്താക്കന്മാർക്ക് തങ്ങളുടെ ഭാര്യമാരെ വായിച്ചു കേൾപ്പിക്കാൻ സാധിക്കുകയില്ല. എന്നാൽ, വിശുദ്ധ ഖുർആൻ എങ്ങനെയുള്ള വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണെന്നാൽ അത് ഏതു ജനതകളുടേയും ഏതു പ്രായക്കാരുടേയും മുമ്പിൽ വായിച്ചുകേൾപ്പിക്കാൻ പറ്റിയതാണ്.

ലഅല്ലഹും യത്തഫക്കറൂൻ എന്നത് സൂചനനല്കുന്നത് ഇൽഹാം മാനുഷികചിന്തയെ മൂർച്ചയുള്ളതാക്കുന്നു എന്നാണ്. സ്വഹാബത്തിന്റെ മാതൃക അതിനുള്ള വ്യക്തമായ തെളിവാണ്. അവർ നിരക്ഷരരും ലോകപരിചയമില്ലാത്തവരുമായിരുന്നു. എന്നാൽ ഖുർആനിക ഇൽഹാമുകൾ കേട്ടും മനസ്സിലാക്കിയും ലോകത്തിന്റെ ഉലമായുടെ ഉസ്താദന്മാരായി. എങ്ങനെയുള്ള ഗ്രാഹ്യമാണ് അവർക്ക് പ്രദാനം ചെയ്യപ്പെട്ടതെന്നാൽ ലോകത്തിലെ എല്ലാ അറിവിലും അവർ ഭാവി കാലത്തിനുവേണ്ടി ഉത്തമമായൊരു പാഠം ഉപേക്ഷിച്ചാണ് പോയത്. *(തഫ്സീറെ കബീർ വാള്യം 4, പേജ് 172, പ്രസാധനം 2010 ഖാദിയാൻ)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

AHMADIPEDIA
AhmadiPedia.ORG is an official publication of the Worldwide Ahmadiyya Muslim Jamaat, edited and managed by the Ahmadiyya Archive & Research Centre.
Search

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin